പത്താംതരം പഠനപരിപോഷണ പരിപാടി (ഫോക്കസ്ഏരിയ)

ഡയറ്റ് വയനാട്

# എക്സലൻസ്

## 2020-21

വയനാട് ജില്ലാ പഞ്ചായത്ത്



# സാമൂഹ്യ ശാസ്ത്രം

തയ്യാറാക്കിയത് ജില്ലാ റിസോഴ്സ് ഗ്രൂപ്പ്
നിർവ്വഹണം ഡയറ്റ് വയനാട്

**ഡയറ്റ് വയനാട്**
സുൽത്താൻ ബത്തേരി, വയനാട് – 673 592
ഫോൺ : 04936 – 220790, email : dietwayanad@gmail.com
www.dietwayanad.org

വയനാട് ജില്ലാ പഞ്ചായത്ത്

ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം
(ഡയറ്റ്) വയനാട്

# എക്സലൻസ് 2021

പഠന പരിപോഷണ പരിപാടി
(പത്താം തരം)

# സാമൂഹ്യശാസ്ത്രം

തയ്യാറാക്കിയത് :
ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം
(ഡയറ്റ്) വയനാട്
സുൽത്താൻ ബത്തേരി
2021

DIET WAYANAD
SULTHAN BATHERY

# 'EXCELLENCE 2021' DEVELOPMENT TEAM

| | |
|---|---|
| **Dr. T. K. Abbas Ali** | (Principal, DIET Wayanad) |
| **K. M. Sebastian** | (Senior Lecturer, CMDE, DIET Wayanad), |
| | Academic coordinator - Excellence 2021 |
| **Sheeja T. R.** | (Senior Lecturer, ET, DIET Wayanad) |
| **Satheesh Kumar V.** | (Senior Lecturer, P&M, DIET Wayanad) |
| **Faizal E.** | (Lecturer, CMDE, DIET Wayanad) |
| **Ratheesh T. P.** | (Lecturer, PSTE, DIET Wayanad) |
| **Dr. Manojkumar T.** | (Lecturer, P&M, DIET Wayanad) |
| **Joby Manual** | (Nirmala H.S.Thriod) |
| **Rajendran K. V.** | (G.H.S. Thariod) |
| **Sabu John** | (L.M.H.S. Pallikkunnu) |
| **Jeejo V. K.** | (G.V.H.S. Mananthavady) |
| **George P. P.** | (G.M.H.S. Cheeral) |
| **Rajitha K. B.** | (G.H.S. Panamaram) |
| **Fathimath Shamla** | (G.H.S. Thrissilery) |
| **Hareeshkumar N. K.** | (G.V.H.S.S. Karimkutty) |

Cover Design : **Rajeevan N. T.** (G.H.S.S. Thariod)

# മുഖമൊഴി

വയനാട് ജില്ലയുടെ എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്തുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു. കോവിഡ് കാലത്തുള്ള നിയന്ത്രണങ്ങൾ പാലിച്ച് വിദ്യാർത്ഥികളും അധ്യാപകരും പരമാവധി സമയം അക്കാദമിക പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതും, വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ വിദ്യാർത്ഥികൾക്ക് സ്കൂളിൽ എത്തിപ്പെടാനുള്ള സാഹചര്യമൊരുക്കുന്നതും പത്താതരം വിജയശതമാനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കും.

വിവിധ വിഷയങ്ങളിൽ സംസ്ഥാന വിദ്യാഭ്യാസ പരിശീലന ഗവേഷണ കേന്ദ്രം പ്രസിദ്ധീകരിച്ച ഊന്നൽ മേഖലകൾ പരിഗണിച്ച് ജില്ലയിലെ വിദഗ്ദ്ധ അധ്യാപകരുടെ ശില്പശാലകൾ സംഘടിപ്പിച്ച് തയ്യാറാക്കിയതാണ് എക്സലൻസ് 2021. ഓരോ വിഷയത്തിലുമുള്ള ഊന്നൽ മേഖലയിലെ പഠന വസ്തുക്കൾക്കു പുറമേ മാറിയ പരീക്ഷ ഘടനയരുസരിച്ച് അധികചോദ്യങ്ങളും അവയുടെ ഉത്തര സൂചികയും ഇതോടൊപ്പം ചേർത്തിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസത്തോടെ സ്വയം പഠനത്തിനും, സംഘപഠനത്തിനും, സമസംഘപഠനത്തിനും അനുയോജ്യമാക്കത്തകവിധത്തിൽ സരളമായി അധ്യാപകർ വിവിധ പാഠങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ആയതിനാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഊന്നൽ മേഖലയിൽ അധികപഠനത്തിന് എക്സലൻസ് സഹായകമാകും.

ഡയറ്റ് മുമ്പ് പ്രസിദ്ധീകരിച്ച എക്സലൻസ് പഠനസഹായിയും, മറ്റ് പഠന സാമഗ്രികളും ഉപയോഗപ്പെടുത്തി ചുരുങ്ങിയ സമയകൊണ്ടാണ് ഡയറ്റ് നേതൃത്വം നൽകുന്ന ജില്ലാ റിസോഴ്സ് ഗ്രൂപ്പ് എക്സലൻസ് 2021 തയ്യാറാക്കിയിട്ടുള്ളത്. കോവിഡ് കാലത്തെ സമ്മർദ്ദങ്ങൾക്കിടയിൽ എക്സലൻസ് 2021 തയ്യാറാക്കാൻ കൂടെനിന്ന ബഹുമാനപ്പെട്ട ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടിനും, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി അധ്യക്ഷനും, വിദ്യാഭ്യാസ ഓഫീസർക്കും, പ്രധാനാധ്യാപകർക്കും, ജില്ലാ റിസോഴ്സ് ഗ്രൂപ്പ് അംഗങ്ങൾക്കും നന്ദി രേഖപ്പെടുത്തുന്നു. എക്സലൻസ് വയനാട് ജില്ലയിലെ 10-ാം തരം വിദ്യാർത്ഥികൾക്കും അധ്യാപകർക്കും സമർപ്പിക്കുന്നു.

പ്രിൻസിപ്പാൾ,
**ഡോ. ടി. കെ. അബ്ബാസ് അലി**
ഡയറ്റ് വയനാട്

# വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയം

**സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് പി. ഒ., പിൻ – 673 122**


**എം. മുഹമ്മദ് ബഷീർ**
ചെയർമാൻ
ആരോഗ്യവും വിദ്യാഭ്യാസവും
സ്റ്റാന്റിംഗ് കമ്മിറ്റി

ഓഫീസ് : 04936 – 202490
: 04936 – 202390
വീട് : 04936 – 273427
9447276110
മണ്ണാർത്തൊടി വീട്
പടിഞ്ഞാറത്തറ (പി.ഒ.)


തിയ്യതി : 22–01–2021



വയനാട് ജില്ലയിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ഏറെ സഹായകമായി ചോദ്യമാതൃകകളും ഉത്തരസൂചികയും ഉൾക്കൊള്ളിച്ചുകൊണ്ട് "എക്സലൻസ് 2021" എന്ന പേരിൽ ഡയറ്റ് അധികപഠന സഹായി തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു.

കോവിഡ് കാലത്തെ പഠന നഷ്ടം പരിഹരിച്ചുകൊണ്ട് സ്വയം പഠനത്തിന് വിദ്യാർത്ഥികൾക്ക് ഏറ്റവും സഹായകമായ ഈ സംരംഭത്തിന് നേതൃത്വം നൽകിയ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം മേധാവിക്കും ജീവനക്കാർക്കും അഭിനന്ദനങ്ങൾ, ജില്ലയുടെ സമ്പൂർണ്ണമായ വിദ്യാഭ്യാസ പുരോഗതിക്കായി നമുക്കൊന്നായി മുന്നേറാം.

ആശംസകളോടെ,

എം. മുഹമ്മദ് ബഷീർ

# വയനാട് ജില്ലാ പഞ്ചായത്ത് കാര്യാലയം

**സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത് പി. ഒ., പിൻ – 673 122**

'ISO 9001-2015 അംഗീകൃതം'

E-mail : dpwynd@gmail.com

ഫോൺ : ഓഫീസ് : 04936 – 202490

: 04936 – 202390

മൊബൈൽ : 9567 831 885

ചോലക്കൽ വീട്

വരദൂർ (പി.ഒ.)

**സംഷാദ് മരക്കാർ**

പ്രസിഡണ്ട്


തിയ്യതി : 22-01-2021

## ആശംസ



സമ്പന്നമായ കാർഷിക സംസ്കൃതിയുടെ നാടായ വയനാട് വിദ്യാഭ്യാസ രംഗത്തും ബഹുദൂരം മുന്നേറിയിരിക്കുന്നു. ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് ഗണ്യമായ ഭാഗം വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ചുകൊണ്ട് എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി, വി.എച്ച്.എസ്.ഇ. മേഖലയിൽ സവിശേഷമായ പ്രവർത്തനങ്ങൾ വയനാട് ജില്ലാ പഞ്ചായത്തും വിദ്യാഭ്യാസ വകുപ്പും നടത്തിവരുന്നു. ത്യാഗ സന്നദ്ധതയോടെ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തിവരുന്ന അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഏകോപനവും ജില്ലയുടെ വികസന കുതിപ്പിന് ചാലക ശക്തികളായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളോട് ചേർന്ന് പ്രവർത്തിക്കുന്നു. ഇതിന്റെ ഫലമായി കോവിഡ് കാലത്തെ പത്താം ക്ലാസ് പരീക്ഷയിൽ ഒട്ടനവധി ഗുണാത്മക മാറ്റങ്ങൾ കൈവരുമെന്ന് പ്രതീക്ഷിക്കുന്നു. വയനാട് ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രം (ഡയറ്റ്) തയ്യാറാക്കി, ജില്ലാ പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രിന്റ് ചെയ്ത് കുട്ടികളിൽ എത്തിക്കുന്ന പഠനപരിപോഷണ പരിപാടിയായ ‘എക്സലൻസ് 2021’ പുതിയ ഉണർവിനും ഉയർച്ചക്കും കാരണമാകട്ടെ. ഈ വർഷം പരീക്ഷ എഴുതുന്ന പത്താം തരത്തിലെ എല്ലാ വിദ്യാർത്ഥികൾക്കും ഉന്നത വിജയം ആശംസിക്കുന്നു.

സ്നേഹപൂർവ്വം

സംഷാദ് മരക്കാർ

പ്രസിഡണ്ട്

വയനാട് ജില്ലാ പഞ്ചായത്ത്

## ആശംസകൾ......

നീണ്ട ഇടവേളയ്ക്കുശേഷം ഈ കോവിഡ് കാലഘട്ടത്തിൽ പൊതുപരീക്ഷയെഴുതാൻ തയ്യാറെടുക്കുന്ന പത്താംതരം കുട്ടികൾക്ക് കൈത്താങ്ങായി ഒരു പഠനപ്രവർത്തന സഹായി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ വയനാട് ഡയറ്റ് തയ്യാറാക്കിയിരിക്കുകയാണ്. എല്ലാ പ്രതിസന്ധിഘട്ടങ്ങളേയും മനക്കരുത്തോടെ തരണം ചെയ്യാൻ പഠിച്ച നമ്മുടെ കുഞ്ഞുങ്ങൾ ഈ പൊതു പരീക്ഷയും ആത്മവിശ്വാസത്തോടെ പഠിച്ച് എഴുതി വിജയിക്കേണ്ടതുണ്ട്. ഇനിയുള്ള ദിവസങ്ങളിൽ ഈ കൈപ്പുസ്തകം കൃത്യമായി പ്രയോജനപ്പെടുത്തുവാൻ എല്ലാ കുട്ടികളും ശ്രദ്ധിക്കണം. വിദ്യാഭ്യാസ മേഖലയിൽ വയനാട് ജില്ലാ പഞ്ചായത്ത് കാണിക്കുന്ന കരുതലും പിന്തുണയും ഏറെ ശ്രദ്ധേയവും അഭിനന്ദനാർഹവുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മയിൽ വിദ്യാഭ്യാസ മേഖലയിൽ മികച്ച നേട്ടം കൈവരിക്കാൻ കഴിയുമാറാകട്ടെ എന്ന് ആശംസിക്കുന്നു.

**ലീല കെ.വി.**
വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട്

---

കാലത്തിനൊപ്പം, കാലത്തിന് മുന്നെ മുന്നേറാൻ വയനാട് ജില്ലയിലെ എസ്.എസ്.എൽ.സി. വിദ്യാർത്ഥികളെ പ്രാപ്തരാക്കാൻ വയനാട് ജില്ലാ ഡയറ്റിന്റെ ഉദ്യമമായ 'എക്സലൻസ് പഠന പരിപോഷണ' പരിപാടിക്ക് ആശംസകൾ നേരുന്നു.

**എം. അബ്ദുൽ അസീസ്**
ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ
എസ്.എസ്.കെ. വയനാട്

---

പൊതുപരീക്ഷയെഴുതുന്ന ജില്ലയിലെ 10ാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി വയനാട് ഡയറ്റ് നേതൃത്വത്തിൽ 'എക്സലൻസ് പഠന പോഷണ പരിപാടി' യുടെ ഭാഗമായി പഠന സഹായി തയ്യാറാക്കി നൽകുന്നത് വളരെ പ്രയോജനപ്രദമാകും. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഓൺലൈൻ പഠനപിന്തുണ വേണ്ടത്ര ലഭ്യമാകാത്ത നമ്മുടെ ജില്ലയിലെ പാർശ്വവൽകൃത വിഭാഗങ്ങളിലെ കുട്ടികൾക്കും അവരെ പരീക്ഷക്കൊരുക്കുന്ന അധ്യാപകർക്കും ഇത് ഏറെ സഹായകമാകും. പരിചയസമ്പന്നരായ അധ്യാപകരുടെ നേതൃത്വത്തിൽ തയ്യാറാക്കിയ ലളിതമായ ഈ പഠനസഹായി പൊതു പാഠപുസ്തകത്തിനും പഠന സാമഗ്രികൾക്കുമപ്പുറം എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും മികച്ച വിജയം നേടുവാൻ കൈത്താങ്ങാകട്ടെ.

ഈ സദുദ്യമത്തിന് ആശംസകൾ

**വിൽസൺ തോമസ്**
പൊതുവിദ്യാഭ്യാസ വിദ്യാഭ്യാസ സംരക്ഷണ
യജ്ഞം കോഡിനേറ്റർ-വയനാട് ജില്ല.

---

കോവിഡിന്റെ പശ്ചാത്തലത്തിൽ പരീക്ഷക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്ക് ആത്മവിശ്വാസത്തോടെ പരീക്ഷയെ നേരിടാൻ ഈ പഠനസഹായി തീർച്ചയായും ഉപകരിക്കും. വിദ്യാർത്ഥികൾക്ക് എല്ലാ ആശംസകളും കുടെ ഇതിന് പിന്നിൽ പ്രവർത്തിച്ച എല്ലാ അധ്യാപകസുഹൃത്തുക്കൾക്കും അഭിനന്ദനങ്ങൾ.

**ഉഷാദേവി എം.കെ.**
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വയനാട്

# സാമൂഹ്യശാസ്ത്രം

## ഫോക്കസ് ഏരിയ - 2020-21

| നം. | അധ്യായങ്ങൾ | പ്രത്യേക ശ്രദ്ധ നൽകുന്ന മേഖലകൾ |
|---|---|---|
| 1 | ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ | • അമേരിക്കൻ സ്വാതന്ത്ര്യസമരം<br>• ഫ്രഞ്ച് വിപ്ലവം<br>• റഷ്യൻ വിപ്ലവം |
| 2 | സമരവും സ്വാതന്ത്ര്യവും | • ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ<br>• നിസ്സഹകരണസമരവും ഖിലാഫത്ത് പ്രസ്ഥാനവും<br>• പൂർണസ്വരാജും സിവിൽനിയമലംഘനവും<br>• ബ്രിട്ടീഷുകാർ ഇന്ത്യ വിടുക<br>• സുബാഷ്ചന്ദ്രബോസ് |
| 3 | സ്വാതന്ത്ര്യാനന്തര ഇന്ത്യ | • നാട്ടുരാജ്യങ്ങളുടെ സംയോജനം<br>• ശാസ്ത്രസാങ്കേതിക നേട്ടങ്ങൾ<br>• വിദ്യാഭ്യാസം<br>• വിദേശനയം |
| 4 | ഋതുഭേദങ്ങളും സമയവും | • സൂര്യന്റെ അയനവും ഋതുക്കളും<br>• ഭ്രമണവും സമയനിർണയവും - ഗ്രീനിച്ച് സമയം, സ്റ്റാൻഡേർഡ് സമയം, ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം, അന്താരാഷ്ട്ര ദിനാങ്ക രേഖ |
| 5 | വൈവിധ്യങ്ങളുടെ ഇന്ത്യ | • ഹിമവൽ ഭൂവിൽ - ട്രാൻസ് ഹിമാലയം, ഹിമാലയം, കിഴക്കൻ മലനിരകൾ, ഉത്തര പർവതമേഖലയുടെ പ്രാധാന്യം<br>• ഹിമാലയൻ നദികൾ<br>• ഉപദ്വീപീയ പീഠഭൂമി<br>• ഉപദ്വീപീയ നദികൾ<br>• പടിഞ്ഞാൻ തീരസമതലം, കിഴക്കൻ തീരസമതലം<br>• ഭൂപടം - പർവതനിരകൾ, നദികൾ, പീഠഭൂമികൾ |
| 6 | പൊതുഭരണം | • പൊതുഭരണം<br>• പൊതുഭരണത്തിന്റെ പ്രാധാന്യം<br>• ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ<br>• ഇന്ത്യൻ സിവിൽ സർവീസ്<br>• ഇ - ഗവേണൻസ് |
| 7 | മാനവവിഭവശേഷി വികസനം ഇന്ത്യയിൽ | • മാനവവിഭവം<br>• മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ<br>• വിദ്യാഭ്യാസവും മാനവവിഭവശേഷി വികസനവും<br>• മാനവവിഭവശേഷി വികസനവും ആരോഗ്യ പരിപാലനവും |

എസ്.സി.ഇ.ആർ.ടി. കേരളം

യൂണിറ്റ് 1

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

## പാഠസംഗ്രഹം

- അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ പ്രധാന മുദ്രാവാക്യം - പ്രാതിനിധ്യമില്ലാതെ നികുതിയില്ല
- അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ പശ്ചാത്തലം/കാരണങ്ങൾ-യൂറോപ്പിൽ നിന്നും അമേരിക്കൻ വൻകരയിലെക്കുള്ള കുടിയേറ്റവും കോളനികളുടെ സ്ഥാപനവും, കോളനികളുടെ മേൽ അമിത നികുതി ചുമത്തിയത്, മെർക്കന്റലിസ്റ്റ് നിയമങ്ങളുടെ നടപ്പാക്കൽ, ഇംഗ്ലീഷുകാർ കോളനികളിൽ നടപ്പാക്കിയ നിയമങ്ങൾ/മെർക്കന്റലിസ്റ്റ് നിയമങ്ങൾ ജനങ്ങളെ ബാധിച്ചത്.
- കോളനികളിലെ തദ്ദേശീയ വാണിജ്യം, കോളനിവാസികളുടെ അവകാശങ്ങൾ നിഷേധിക്കപ്പെട്ടു, വിലക്കയറ്റവും ചൂഷണവും വർധിച്ചു, ബ്രിട്ടീഷ് ഭരണാധികാരികളുടെ സ്വേച്ഛാധിപത്യം.
- അമേരിക്കൻ സ്വാതന്ത്ര്യ സമരത്തെ പ്രചോദിപ്പിച്ച ചിന്തകർ-ജോൺ ലോക്ക്, തോമസ് പെയിൻ,
- അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം - 1776 ജൂലൈ 4,
- അമേരിക്കൻ കോളനികൾ സ്വാതന്ത്ര്യം പ്രഖ്യാപിച്ച് അമേരിക്കൻ ഐക്യനാടുകളായത് - 1783, അമേരിക്കൻ വിപ്ലവം ലോകചരിത്രത്തെ സ്വാധീനിച്ചു പിൽക്കാല സമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനമായി, മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി, റിപ്പബ്ലിക്കൻ ഭരണരീതിയുടെ ആരംഭം, ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന, ഫെഡറൽ രാഷ്ട്രസങ്കൽപം
- ഫ്രഞ്ച് വിപ്ലവത്തിന്റെ പശ്ചാത്തലം - ഫ്യൂഡൽ വ്യവസ്ഥിതി, സ്വാർത്ഥൻമാരായ ഭരണാധികാരികൾ, പ്രത്യേക ആനുകൂല്യം അനുഭവിച്ചിരുന്ന വിഭാഗങ്ങൾ, എല്ലാവിധ ചൂഷണങ്ങൾക്കും വിധേയരായവർ, ധാരാളം സാമൂഹിക അസമത്വങ്ങൾ, ചിന്തകന്മാരുടെ സ്വാധീനം,
- ഫ്രഞ്ചു വിപ്ലവത്തിനു പ്രചോദനമേകിയ പ്രധാന ചിന്തകന്മാർ വോൾട്ടയർ, മൊണ്ടസ്ക്യൂ, റൂസ്സോ,
- ഫ്രഞ്ചു വിപ്ലവം വിവിധ ഘട്ടങ്ങൾ - 1789 ലെ സ്റ്റേറ്റ്സ് ജനറൽ സമ്മേളനം, 1789 ജൂലൈ 14 ലെ ബാസ്റ്റിൽ ജയിലിന്റെ പിടിച്ചെടുക്കൽ, ടെന്നീസ് കോർട്ട് പ്രതിജ്ഞ, ദേശീയ അസംബ്ലിയുടെ പ്രഖ്യാപനം
- ഫ്രഞ്ചുവിപ്ലവത്തിന്റെ സ്വാധീനം/ഫലങ്ങൾ
  ഫ്യൂഡൽ വ്യവസ്ഥിതിയുടെ അന്ത്യം, പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം പകർന്നു, ജനകീയ പരമാധികാരം എന്ന ആശയം, ദേശീയതയുടെ ആവിർഭാവം, മധ്യവർഗത്തിന്റ വളർച്ച, സ്വേച്ഛാധിപത്യഭരണകൂടങ്ങൾക്ക് ഭീഷണി,
- നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ - കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി, പുരോഹിതൻമാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം, ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു, പുതിയ നിയമ സംഹിത, നിരവധി പുതിയ റോഡുകൾ, പൊതു കടം ഇല്ലാതാക്കാൻ സിങ്കിങ്ങ് ഫണ്ട്,
- റഷ്യൻ വിപ്ലവത്തിനു കാരണമായ ഘടകങ്ങൾ/കാരണങ്ങൾ - റഷ്യയിൽ നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതി, കർഷകരും തൊഴിലാളികളും ദ്രോഹിക്കപ്പെട്ടത്, സാർചക്രവർത്തിമാരുടെ ഏകാധിപത്യം, സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടിയുടെ രൂപീകരണം, 1905 ലെ റഷ്യ-ജപ്പാൻ യുദ്ധത്തിലെ റഷ്യയുടെ പരാജയം,
- ഫെബ്രുവരി വിപ്ലവം - റഷ്യൻ ചക്രവർത്തിയിൽ നിന്നു മെൻഷെവിക്കുകൾ അധികാരം പിടിച്ചെടുത്തു.
- ഒക്ടോബർ വിപ്ലവം - ബോൾഷെവിക്കുകൾക്ക് അധികാരം
- റഷ്യൻ വിപ്ലവത്തിന്റെ സ്വാധീനം

**യൂണിറ്റ് 1**

# ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

**താഴെ പറയുന്ന ചോദ്യങ്ങൾ വിശകലനം ചെയ്ത് ഉത്തരങ്ങൾ കണ്ടെത്തുക.**
**(ആവശ്യമെങ്കിൽ ഉത്തര സൂചിക പരിശോധിക്കുക.)**

1. **അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന്റെ പ്രധാന മുദ്രാവാക്യം എന്തായിരുന്നു? ഇതിനു രൂപം നൽകിയ താര് ?**
   - ▶ പ്രാതിനിധ്യമില്ലാതെ നികുതിയില്ല - ജയിംസ് ഓട്ടിസ്
2. **അമേരിക്കൻ വിപ്ലവത്തിന്റെ കാരണങ്ങൾ ഏവ?**
   - ▶ മെർക്കന്റലിസ്റ്റ് നിയമങ്ങൾ
   - ▶ കോളനികളുടെ മേലുള്ള ഇംഗ്ലണ്ടിന്റെ അമിത ഇടപെടൽ
   - ▶ ചിന്തകൻമാരുടെ സ്വാധീനം
3. **വടക്കേ അമേരിക്കയിൽ യൂറോപ്യന്മാരെ കോളനികൾ സ്ഥാപിക്കാൻ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതെല്ലാം?**
   - ▶ വിഭവങ്ങൾ കയ്യടക്കാനുള്ള ആഗ്രഹം
   - ▶ ഇംഗ്ലണ്ടിലെ മത പീഡനങ്ങളിൽ നിന്നും രക്ഷ നേടുക
4. **മെർക്കന്റലിസ്റ്റ് നിയമങ്ങൾ ഏതൊക്കെ ?**
   - ▶ ഇംഗ്ലീഷ് കപ്പലുകളിലോ, കോളനികളുടെ കപ്പലുകളിലോ മാത്രമേ സാധനങ്ങൾ കൊണ്ടുവരാനും കൊണ്ടുപോകാനും പാടുള്ളൂ.
   - ▶ കോളനികളിൽ ഉത്പാദിപ്പിച്ചിരുന്ന പഞ്ചസാര, കമ്പിളി, പരുത്തി, പുകയില എന്നിവ ഇംഗ്ലണ്ടിലേക്കു മാത്രമേ കയറ്റിയയക്കാൻ പാടുള്ളൂ.
   - ▶ കോളനികളിലെ നിയമപരമായ പ്രമാണങ്ങൾ, വർത്തമാന പത്രങ്ങൾ, ലഘുലേഖകൾ, ലൈസൻസ് എന്നിവയിൽ ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം.
   - ▶ കോളനികളിലേക്ക് ഇറക്കുമതി ചെയ്യുന്ന തേയില, ഗ്ലാസ്, കടലാസ് എന്നിവക്ക് ഇറക്കുമതി ചുങ്കം നൽകണം.
   - ▶ ഇംഗ്ലീഷ് സൈന്യത്തിന് താമസസ്ഥലവും സൗകര്യങ്ങളും നൽകണം.
5. **13 അമേരിക്കൻ കോളനികളെ പട്ടികപ്പെടുത്തുക?**
   - ▶ ന്യൂഹാംപ്ഷെയർ, ന്യൂയോർക്ക്, മസാച്ചുസെറ്റ്സ്, റോഡ്ഐലന്റ്, കണക്ടിക്കട്ട്, പെൻസിൽവാനിയ, ന്യൂജേഴ്സി, ദലാവയർ, വെർജിനിയ, മേരിലാന്റ്, നോർത്ത് കരോലിന, സൗത്ത് കരോലിന, ജോർജിയ
6. **1776 ലെ കോണ്ടിനെന്റൽ കോൺഗ്രസ്സ് നടത്തിയ ലോകപ്രശസ്തമായ അമേരിക്കൻ സ്വാതന്ത്ര്യപ്രഖ്യാപനം തയ്യാറാക്കിയത് ആരൊക്കെച്ചേർന്നാണ് ?**
   - ▶ തോമസ് ജെഫേഴ്സൺ, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ
7. **1776 ലെ അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനത്തിൽ മനുഷ്യന്റെ സ്വാതന്ത്ര്യത്തേയും അവകാശങ്ങളേയും സംബന്ധിച്ച എന്തെല്ലാം കാര്യങ്ങൾ കണ്ടെത്താം ?**
   - ▶ എല്ലാ മനുഷ്യരും തുല്ല്യരാണ്.
   - ▶ എല്ലാവർക്കും എല്ലാ അവകാശങ്ങളും ഉണ്ട്. ജീവിതം, സ്വാതന്ത്ര്യം, ജീവിതസൗഖ്യം എന്നിവയ്ക്കുള്ള അവകാശങ്ങൾ അവയിൽ ഉൾപ്പെടുന്നു.
   - ▶ അവകാശങ്ങൾ നേടിയെടുക്കാൻ ഭരിക്കപ്പെടുന്നവരുടെ അംഗീകാരമുള്ള ഭരണകൂടങ്ങൾ രൂപീകരിക്കണം.

- ഭരണകൂടങ്ങളെ മാറ്റാനുള്ള അവകാശം ജനങ്ങൾക്കുണ്ട്.

8. **അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിന് പ്രചോദനം നൽകിയ ചിന്തകന്മാർ ആരെല്ലാം?**
- ജോൺലോക്, തോമസ് പെയിൻ

9. **ഒന്നാം കോൺടിനെന്റൽ കോൺഗ്രസ്, രണ്ടാം കോൺടിനെന്റൽ കോൺഗ്രസ് എന്നിവയുടെ പ്രാധാന്യം വ്യക്തമാക്കുക?**

**ഒന്നാം കോൺടിനെന്റൽ കോൺഗ്രസ് 1774 :**
- അമേരിക്കൻ കോളനികളിൽ വ്യാപാരത്തിനും വ്യവസായത്തിനും ഏർപ്പെടുത്തിയ നികുതികൾ പിൻവലിക്കുക
- കോളനികളുടെ അംഗീകാരമില്ലാതെ നികുതി ചുമത്തരുത്

**രണ്ടാം കോൺടിനെന്റൽ കോൺഗ്രസ് 1775:**
- ജോർജ് വാഷിംഗ്ടണെ അമേരിക്കൻ സൈന്യത്തിന്റെ തലവനായി തിരഞ്ഞെടുത്തു.

10. **അമേരിക്കൻ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട് താഴെ തന്നിരിക്കുന്ന സംഭവങ്ങളെ ക്രമീകരിക്കുക**

- തീർത്ഥാടക പിതാക്കളുടെ കുടിയേറ്റം
- ഒന്നും രണ്ടും കോൺടിനെന്റൽ കോൺഗ്രസ്
- മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- 1776ലെ സ്വാതന്ത്ര്യ പ്രഖ്യാപനം

- ▶ തീർത്ഥാടക പിതാക്കളുടെ കുടിയേറ്റം
- ▶ മെർക്കന്റലിസ്റ്റ് നിയമങ്ങൾ
- ▶ ഒന്നും രണ്ടും കോൺടിനെന്റൽ കോൺഗ്രസ്
- ▶ 1776ലെ സ്വാതന്ത്ര്യ പ്രഖ്യാപനം

11. **അമേരിക്കൻ സ്വാതന്ത്ര്യ സമരം പിൽക്കാല സ്വാതന്ത്ര്യ സമരങ്ങളെയും വിപ്ലവങ്ങളെയും ഏറെ സ്വാധീനിച്ചു. മറ്റേതെല്ലാം മേഖലകളെയാണ് അമേരിക്കൻ സ്വാതന്ത്ര്യ സമരം സ്വാധീനിച്ചത് ?**
- മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി.
- റിപ്പബ്ലിക്കൻ ഭരണ രീതി എന്ന ആശയം
- ലോകത്തിലെ ആദ്യത്തെ എഴുതപ്പെട്ട ഭരണ ഘടന
- ഫെഡറൽ രാഷ്ട്രം എന്ന ആശയം.

12. **ടൈം ലൈൻ തയ്യാറാക്കുക?**
- ഒന്നാം ഫിലാഡെൽഫിയ കോൺഗ്രസ്സ് -1774
- രണ്ടാം ഫിലാഡെൽഫിയ കോൺഗ്രസ്സ് - 1775
- അമേരിക്കൻ സ്വാതന്ത്ര്യ പ്രഖ്യാപനം - 1776
- പാരീസ് ഉടമ്പടി - 1783

13. **അമേരിക്കൻ സ്വാതന്ത്ര്യ സമരം മുന്നോട്ടു വെച്ച ആശയം ഇന്ത്യൻ ഭരണ ഘടനയെ സ്വാധീനിച്ചു. ഉദാഹരണ സഹിതം സമർത്ഥിക്കുക.**
- ഫെഡറൽ സംവിധാനം നിലവിൽ വന്നു
- എഴുതപ്പെട്ട ഭരണ ഘടന
- റിപ്പബ്ലിക്കൻ രീതി സ്വീകരിച്ചു
- മനുഷ്യാവകാശങ്ങൾക്ക് ഊന്നൽ നൽകി.

**14. ആരുടെ നേതൃത്വത്തിലാണ് അമേരിക്കൻ ഭരണഘടന തയ്യാറാക്കിയത് ?**

▶ ജെയിംസ് മാഡിസൺ

**15. ഇംഗ്ലീഷ് ജനത ഇംഗ്ലണ്ടിനെതിരായി നടത്തിയ സമരമായിരുന്നു അമേരിക്കൻ സ്വാതന്ത്ര്യ സമരം. പ്രസ്താവന സമർത്ഥിക്കുക.**

▶ വിവിധ കാരണങ്ങളാൽ പ്രധാനമായും ഇംഗ്ലണ്ടിൽ നിന്നും കുടിയേറിയവരാണ് അമേരിക്കൻ വൻകരയിൽ കോളനികൾ സ്ഥാപിച്ചത്.

▶ മാതൃരാജ്യമായ ഇംഗ്ലണ്ട് കുടിയേറ്റക്കാരായ ഇംഗ്ലീഷുകാർക്ക് മേൽ ധാരാളം നികുതികൾ ചുമത്തി.

▶ ഇംഗ്ലീഷ് കോളനികളെ പലവിധ ചൂഷണങ്ങൾക്ക് വിധേയമാക്കി.

**16. 17–18 നൂറ്റാണ്ടിൽ ഫ്രാൻസിൽ നിലനിന്നിരുന്ന ഭരണത്തിന്റെ പ്രത്യേകത എന്ത് ?**

▶ ഏകാധിപത്യ ഭരണമാണ് നിലനിന്നിരുന്നത്.

▶ ഭരണാധികാരികൾ ധൂർത്തമാരായിരുന്നു.

**17. ഫ്രഞ്ചു വിപ്ലവവുമായി ബന്ധപ്പെട്ട് മൂന്നു ചിന്തകരുടെ ആശയങ്ങളാണ് കൊടുത്തിരിക്കുന്നത്. ചിന്തകരെ കണ്ടെത്തുക.**

| | | |
|---|---|---|
| സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്. | യുക്തിചിന്ത, സമത്വം, മനുഷ്യ സ്നേഹം | ഗവൺമെന്റിനെ നിയമ നിർമാണം കാര്യനിർവഹണം നീതി ന്യായം എന്നിങ്ങനെ തിരിക്കണം. |
| A ? | B ? | C ? |

▶ A – റൂസോ B – വോൾട്ടയർ C – മൊണ്ടസ്ക്യൂ

18. "സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ എവിടെയും ചങ്ങലയിലാണ്." ഇതാരുടെ വാക്കുകളാണ്?

▶ റൂസ്സോ

19. ടെന്നീസ് കോർട്ട് പ്രതിജ്ഞയിലേക്ക് നയിച്ച സാഹചര്യം വ്യക്തമാക്കുക.

▶ ഫ്രഞ്ച് അസംബ്ലിയിൽ ഒരു എസ്റ്റേറ്റിനു ഒരു വോട്ട് എന്നതായിരുന്നു രീതി.

▶ ഒരംഗത്തിനു ഒരു വോട്ട് എന്ന ആവശ്യം മൂന്നാമത്തെ എസ്റ്റേറ്റ് മുന്നോട്ടു വെച്ചു.

▶ മൂന്നാമത്തെ എസ്റ്റേറ്റ് അടുത്തുള്ള ടെന്നീസ് കോർട്ടിൽ സമ്മേളിച്ച് ദേശീയ അസംബ്ലിയായി പ്രഖ്യാപിച്ചു.

▶ ഭരണഘടന തയ്യാറാക്കിയ ശേഷമേ പിരിയുകയുള്ളൂ എന്ന് പ്രഖ്യാപിച്ചു.

20 ഫ്രാൻസിൽ ഭരണം നടത്തിയ രാജവംശം ഏതായിരുന്നു ?

▶ ബൂർബൺ രാജവംശം

21. ഫ്രാൻസിലെ ജനപ്രതിനിധി സഭ ഏത് പേരിൽ അറിയപ്പെടുന്നു?

▶ സ്റ്റേറ്റ്സ് ജനറൽ

22. ഫ്രാൻസിലെ മൂന്നാമത്തെ എസ്റ്റേറ്റ് ഒന്നും രണ്ടും എസ്റ്റേറ്റുകൾക്കെതിരെ തിരിയാനുണ്ടായ കാരണങ്ങൾ എന്തെല്ലാം ?

▶ ഒന്നും രണ്ടും എസ്റ്റേറ്റുകൾ ഫ്രാൻസിലെ ഭൂ സ്വത്തുക്കൾ അധികവും കൈവശം വെച്ചിരുന്നു.

▶ മൂന്നാമത്തെ എസ്റ്റേറ്റിനു മേൽ ധാരാളം നികുതികൾ ചുമത്തപ്പെട്ടിരുന്നു.

▶ മൂന്നാമത്തെ എസ്റ്റേറ്റിനു യാതൊരുവിധ അവകാശങ്ങളും ഉണ്ടായിരുന്നില്ല.

23. 1789 ജൂലൈ 14 ഫ്രഞ്ചുവിപ്ലവത്തിന്റെ ആരംഭമായി കണക്കാക്കാൻ കാരണമെന്ത്?

▶ 1789 ജൂലൈ 14നു ഫ്രഞ്ചു ജനത ബൂർബൺ രാജവാഴ്ചയുടെ പ്രതീകമായ ബാസ്റ്റിൽ ജയിൽ തകർത്തു.

24. ഫ്രാൻസിലെ സാമൂഹ്യവിഭജനം വ്യക്തമാക്കുക.

▶ ഒന്നാം എസ്റ്റേറ്റ് – പുരോഹിതന്മാർ

▶ രണ്ടാം എസ്റ്റേറ്റ് – പ്രഭുക്കന്മാർ

▶ മൂന്നാം എസ്റ്റേറ്റ് – മധ്യവർഗ്ഗം, കർഷകർ, കൈത്തൊഴിലുകാർ

25. ഫ്രഞ്ചു വിപ്ലവത്തിന്റെ അടിസ്ഥാന ആശയങ്ങൾ എന്തായിരുന്നു?
- സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം

26. ഫ്രാൻസിൽ പത്തിൽ ഒമ്പതുപേരും പട്ടിണികൊണ്ട് മരിച്ചപ്പോൾ പത്താമത്തെ ആൾ ദഹനക്കേട് (അജീർണ്ണം) ബാധിച്ചാണ് മരിച്ചത്. പ്രസ്താവന വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- ഫ്രാൻസിൽ ഭൂരിഭാഗം ജനങ്ങളും ദുരിതത്തിലായിരുന്നു. ഭരണാധികാരികൾ ആഢംബരവും ധൂർത്തും നിറഞ്ഞ ജീവിതമാണ് നയിച്ചത്.
- ഫ്രാൻസിൽ വലിയ സാമ്പത്തിക അസമത്വം നിലനിന്നിരുന്നു.

27. ഫ്രഞ്ചു ജനതയെ വിപ്ലവത്തിലേക്ക് നയിച്ച കാരണങ്ങൾ എന്തെല്ലാമായിരുന്നു ?
- രാജാക്കന്മാരുടെ ഏകാധിപത്യം
- ഭരണാധികാരികളുടെ ധൂർത്ത്
- ഫ്രാൻസിൽ നിലനിന്നിരുന്ന ഫ്യൂഡൽ വ്യവസ്ഥിതി
- ചിന്തകന്മാരുടെ സ്വാധീനം
- ഫ്രാൻസിൽ ഭൂരിപക്ഷവും പട്ടിണിയിലായിരുന്നു.

28. ഫ്രാൻസിന്റെ സാമ്പത്തിക സ്ഥിതി അതീവ ഗുരുതരമായി മാറിയതെങ്ങനെ ?
- രാജാക്കന്മാരുടെയും, പ്രഭുക്കന്മാരുടേയും, പുരോഹിതന്മാരുടെയും ആഡംബര ജീവിതം.
- ധൂർത്ത് * യുദ്ധങ്ങൾ * വരൾച്ചയും കൃഷി നാശവും.

29. ഫ്രഞ്ചു വിപ്ലവത്തിന്റെ സ്വാധീനം പ്രകടമായ നാലു സാഹചര്യങ്ങൾ എഴുതുക (OR)
ഫ്രഞ്ചു വിപ്ലവത്തിന്റെ ഫലങ്ങൾ എന്തെല്ലാം ? (OR)
ഫ്രാൻസ് തുമ്മിയാൽ യൂറോപ്പിന് ആകെ ജലദോഷം പിടിക്കും മെറ്റേർണിക്കിന്റെ ഈ അഭിപ്രായത്തെ അടിസ്ഥാനമാക്കി ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം വിശദമാക്കുക ?
- യൂറോപ്പിൽ നിലനിന്നിരുന്ന സ്വേച്ഛാധിപത്യ ഭരണ കൂടങ്ങൾക്ക് ഭീഷണിയായി.
- പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം പകർന്നു.
- മധ്യവർഗത്തിന്റെ വളർച്ചയെ സഹായിച്ചു.
- യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥിതിക്ക് അന്ത്യമായി.
- ദേശീയതയുടെ ആവിർഭാവത്തിന് ഇടയാക്കി.
- ജനകീയ പരമാധികാരം എന്ന ആശയം മാനവരാശിക്ക് നൽകി.
- രാജ്യം എന്നാൽ പ്രദേശമല്ല രാജ്യത്തെ ജനങ്ങളാണ് എന്ന് പ്രഖ്യാപിച്ചു.

30. മാനവവിഭവശേഷി വികസനം ലക്ഷ്യമാക്കി വിദ്യാഭ്യാസരംഗത്ത് നടപ്പിലാക്കുന്ന പരിപാടികൾപട്ടിക പെടുത്തുക.

31. നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ ഏതൊക്കെ ?
- കർഷകരെ ഭൂമിയുടെ ഉടമകളാക്കി.
- പുരോഹിതന്മാരുടെ മേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി.
- ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു.
- പുതിയ നിയമ സംഹിതയുണ്ടാക്കി.
- നിരവധി പുതിയ റോഡുകൾ നിർമ്മിച്ചു.
- പൊതു കടം ഇല്ലാതാക്കാൻ സിങ്കിംഗ് ഫണ്ട് രൂപീകരിച്ചു.

32. യൂറോപ്യൻ സഖ്യ സൈന്യത്തോട് നെപ്പോളിയൻ പരാജയപ്പെട്ട യുദ്ധം ഏത്?
- വാട്ടർലൂ യുദ്ധം - 1815

33. അമ്മ എന്ന നോവലിന്റെ രചയിതാവ് ആര്?
- ▶ മാക്സിം ഗോർക്കി

34. റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ എന്തൊക്കെ ?
- ▶ സാർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം.
- ▶ കർഷകരുടെയും തൊഴിലാളികളുടെയും ദുരിത ജീവിതം.
- ▶ വർദ്ധിച്ച നികുതി ഭാരം.
- ▶ കുറഞ്ഞ ഉത്പാദനം.
- ▶ വ്യവസായങ്ങൾ അധികവും വിദേശികളുടെ നിയന്ത്രണത്തിൽ
- ▶ മാർക്സിസ്റ്റ് ആശയങ്ങൾ.
- ▶ സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടിയുടെ രൂപീകരണം.
- ▶ 1905 ലെ റഷ്യ-ജപ്പാൻ യുദ്ധത്തിൽ റഷ്യയുടെ പരാജയം.

35. റഷ്യൻ വിപ്ലവത്തിന് ആവേശം പകർന്ന മാർക്സിയൻ ചിന്തകൻമാർ ആരെല്ലാം?
- ▶ കാൾമാർക്സ്, ഫ്രെഡറിക് എംഗൽസ്

36. റഷ്യയിലെ ഫെബ്രുവരി വിപ്ലവം, ഒക്ടോബർ വിപ്ലവം ഇവയെക്കുറിച്ച് ലഘു വിവരണം തയ്യാറാക്കുക.

**ഫെബ്രുവരി വിപ്ലവം :-**

- ▶ സാർ ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം.
- ▶ കർഷകരുടെയും തൊഴിലാളികളുടെയും ദുരിത ജീവിതം.
- ▶ മാർക്സിസ്റ്റ് ആശയങ്ങൾ.
- ▶ സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടിയുടെ രൂപീകരണം.
- ▶ ദ്യൂമ എതിർത്തിട്ടും റഷ്യ ഒന്നാം ലോക യുദ്ധത്തിൽ പങ്കെടുത്തു.
- ▶ നിരവധി സൈനികർ കൊല്ലപ്പെട്ടു.
- ▶ ഭക്ഷ്യ ക്ഷാമം
- ▶ റൊട്ടിക്കായ് സ്ത്രീകളുടെ പ്രകടനം
- ▶ പെട്രോഗാർഡിൽ തൊഴിലാളികളുടെ പ്രകടനം.
- ▶ സൈന്യവും തൊഴിലാളികളോടൊപ്പം ചേർന്നു.
- ▶ തൊഴിലാളികൾ പെട്രോഗാർഡ് പിടിച്ചെടുത്തു.
- ▶ സാർ ചക്രവർത്തി നിക്കോളാസ് രണ്ടാമൻ സ്ഥാനം ഒഴിഞ്ഞു.
- ▶ കെറൻസ്കിയുടെ നേതൃത്വത്തിൽ താല്ക്കാലിക ഗവൺമെന്റ് അധികാരം ഏറ്റു.
- ▶ 1917 ഫെബ്രുവരി മാസത്തിൽ നടന്ന വിപ്ലവം.

**ഒക്ടോബർ വിപ്ലവം :**

- ▶ താൽക്കാലിക ഗവൺമെന്റിനെതിരെ സോവിയറ്റുകളുടെ എതിർപ്പ്.
- ▶ സ്വിറ്റ്സർലാന്റിൽ നിന്നും ലെനിൻ തിരിച്ചെത്തി.
- ▶ തൊഴിലാളി വർഗ്ഗ ഭരണകൂടത്തിനായി ആവശ്യം.
- ▶ താല്ക്കാലിക ഗവൺമെന്റിനെതിരെ ബോൾഷെവിക്സ് സമരം.
- ▶ ഒന്നാം ലോകയുദ്ധത്തിൽ നിന്നും റഷ്യ പിൻമാറണമെന്ന് ആവശ്യം.
- ▶ പ്രഭുക്കന്മാരുടെ ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടു.

- ഫാക്ടറികൾ പൊതുസ്വത്താക്കി മാറ്റാൻ ആവശ്യം.
- 1917-ൽ ഒക്ടോബറിൽ സായുധ കലാപം.
- കെറൻസ്കി രാജ്യം വിട്ടുപോയി.
- ലെനിൻ അധികാരത്തിൽ വന്നു.

37. ഫെബ്രുവരി വിപ്ലവാനന്തരം റഷ്യയിൽ അധികാരത്തിൽവന്ന മെൻഷേവിക് നേതാവ് ആര്?
    - അലക്സാണ്ടർ കെറൻസ്കി
38. റഷ്യയുടെ നിയമ നിർമ്മാണ സഭയുടെ പേര്?
    - ദ്യൂമ
39. മാർക്സിസ്റ്റ് ആശയങ്ങളിൽ അധിഷ്ഠിതമായി റഷ്യയിൽ രൂപീകരിച്ച പാർട്ടി ഏത്?
    - സോഷ്യൽ ഡെമോക്രാറ്റിക് വർക്കേഴ്സ് പാർട്ടി
40. റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ എന്തെല്ലാം ?
    - റഷ്യയിൽ ഫ്യൂഡൽ വ്യവസ്ഥിതി അവസാനിച്ചു.
    - സോഷ്യലിസ്റ്റ് വിപ്ലവങ്ങൾക്ക് ഉത്തേജനമേകി
    - റഷ്യ വൻ ശക്തിയായിമാറി
    - ഒന്നാം ലോകയുദ്ധത്തിൽ നിന്നും പിന്മാറി.
    - ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു.
    - ഫാക്ടറികൾ പൊതു ഉടമസ്ഥതയിലാക്കി.
    - റഷ്യയിൽ സോഷ്യലിസ്റ്റ് വ്യവസ്ഥിതി നിലവിൽവന്നു.
41. സോഷ്യൽ ഡൊമോക്രാറ്റിക് പാർട്ടിയുടെ രണ്ട് വിഭാഗങ്ങൾ ഏതൊക്കെ ?
    - മെൻഷെവിക്കുകൾ, ബോൾഷെവിക്കുകൾ
42. 'രക്തരൂക്ഷിതമായ ഞായറാഴ്ച' - കുറിപ്പെഴുതുക.
    - 1905-ൽ റഷ്യ - ജപ്പാൻ യുദ്ധത്തിൽ റഷ്യ പരാജയപ്പെട്ടു.
    - രാഷ്ട്രീയ അവകാശങ്ങളും സാമ്പത്തിക പരിഷ്ക്കാരങ്ങളും ആവശ്യപ്പെട്ട് തൊഴിലാളികളുടെ പ്രകടനം.
    - പട്ടാളം വെടിവെച്ചു.
    - നൂറ് കണക്കിന് ആളുകൾ കൊല്ലപ്പെട്ടു.
    - 1905 ജനുവരി 9 നാണ് ഈ പ്രക്ഷോഭം ഉണ്ടായത്.
43. സോവിയറ്റുകൾ എന്നാലെന്ത് ?
    - സമരങ്ങൾ നടത്താനായി റഷ്യൻ വിപ്ലവക്കാലത്ത് രൂപീകരിച്ച തൊഴിലാളികളുടെ സംഘടന.

യൂണിറ്റ് - 2

# സമരവും സ്വാതന്ത്ര്യവും

## പാഠസംഗ്രഹം

- **ഗാന്ധിജിയുടെ പ്രാദേശിക സമരങ്ങൾ**

ചാമ്പരൻ - 1917 - ബീഹാർ - നീലം കർഷകരുടെ പ്രശ്നം

അഹമ്മദാബാദ് - 1918 - ഗുജറാത്ത് - പ്ലേഗ് ബോണസ്

ഖേഡ - 1918 - ഗുജറാത്ത് - അന്യായ നികുതി പിരിവ്

- **ഗാന്ധിജിയുടെ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ**

- ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങൾക്കും പ്രചാരം ലഭിച്ചു.
- വിദ്യാസമ്പന്നർക്കൊപ്പം സാധാരണക്കാരും ദേശീയ പ്രസ്ഥാനത്തിലേക്ക്
- ദേശീയ പ്രസ്ഥാനത്തിന് ഗ്രാമങ്ങളിലും പ്രചാരം
- ഗാന്ധിജി ദേശീയ നേതാവായി.

- **ഗാന്ധിജിയുടെ ദേശീയ സമരങ്ങൾ**

- നിസ്സഹകരണ സമരം - ബഹിഷ്കരണ സമരം

  വിദ്യാർത്ഥികൾ, വക്കീലന്മാർ - പുരസ്ക്കാരങ്ങൾ, വിദേശ വസ്തുക്കൾ, തെരഞ്ഞെടുപ്പുകൾ
- ചൗരീചൗരാ സംഭവം - നിസ്സഹകരണ സമരം നിർത്തി വെച്ചു.
- ഖിലാഫത്ത് സമരം - ഹിന്ദു മുസ്ലിം ഐക്യം മൗലനാ മുഹമ്മദലി, മൗലാനാ ഷൗക്കത്തലി
- സിവിൽ നിയമ ലംഘനം - ഉപ്പു സത്യാഗ്രഹം, ധരാസന സമരം
  - നിസ്സാര ജനകീയ പ്രശ്നങ്ങൾ സമരായുധമായി
  - വൻ ജനകീയ പിന്തുണ
  - ബ്രിട്ടീഷ് ചൂഷണം ബോധ്യപ്പെട്ടു.

- **ക്വിറ്റ് ഇന്ത്യാ സമരം 1942**

എല്ലാ അധികാരങ്ങളും ഇന്ത്യക്കു തിരികെ നൽകി ബ്രിട്ടൻ ഇന്ത്യ വിടുക

- **ക്വിറ്റ് ഇന്ത്യാ സമരം പ്രഖ്യാപിക്കാൻ കാരണങ്ങൾ**

ഭരണഘടന പരിഷ്ക്കാരങ്ങൾക്കു വേണ്ടിയുള്ള ആവശ്യം

വിലക്കയറ്റവും ക്ഷാമവും

രണ്ടാം ലോക മഹായുദ്ധത്തിൽ ബ്രിട്ടൺ പരാജയപ്പെടുമെന്ന തോന്നൽ

- **സുഭാഷ് ചന്ദ്രബോസ്**

- ഫോർവേഡ് ബ്ലോക്ക് - ഇന്ത്യൻ നാഷണൽ ആർമി
- ജപ്പാന്റെ സഹായത്തോടെ ബ്രിട്ടനെ തോൽപ്പിക്കുക
- ഝാൻസിറാണി റെജിമെന്റ് എന്ന വനിതാവിഭാഗം

യൂണിറ്റ് 2

# സമരവും സ്വാതന്ത്ര്യവും

**താഴെ പറയുന്ന ചോദ്യങ്ങൾ വിശകലനം ചെയ്ത് ഉത്തരങ്ങൾ കണ്ടെത്തുക.**

**(ആവശ്യമെങ്കിൽ ഉത്തര സൂചിക പരിശോധിക്കുക.)**

1. ഗാന്ധിജി നയിച്ച പ്രാദേശിക സമരങ്ങൾ, അവയുടെ കാരണങ്ങൾ, അവയുടെ ഫലങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കുറിപ്പ് തയ്യാറാക്കുക ?

   a) ചമ്പാരനിലെ നീലം കർഷകരുടെ സമരം 1917

   - കാരണങ്ങൾ:

     ബിഹാറിലെ ചമ്പാരനിലെ നീലം കർഷകർ ബ്രിട്ടീഷുകാരുടേയും ജന്മിമാരുടേയും ചൂഷണങ്ങൾക്ക് വിധേയമായിരുന്നു.

   - ഫലങ്ങൾ:

     1. ഗാന്ധിജിയുടെ ഇടപെടൽ നീലം കർഷകർക്ക് അനുകൂലമായ നിയമങ്ങൾ പാസ്സാക്കാൻ ബ്രിട്ടീഷുകാരെ നിർബന്ധിതരാക്കി.
     2. ചമ്പാരന്റെ പുരോഗതിക്കായി വിദ്യാലയങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവ ആരംഭിച്ചു.

   b) അഹമ്മദാബാദിലെ തുണിമിൽ സമരം 1918

   - കാരണങ്ങൾ:

     അഹമ്മദാബാദിൽ പൊട്ടിപ്പുറപ്പെട്ട പ്ലേഗ് രോഗത്തെ നേരിടാനായി തൊഴിലാളികൾക്കു നൽകിയിരുന്ന ബോണസ് ബ്രിട്ടീഷുകാർ പിൻവലിച്ചത്

   - ഫലങ്ങൾ:

     ഗാന്ധിജിയുടെ ഇടപെടലിനെത്തുടർന്ന് അധികാരികൾ ശമ്പള വർദ്ധനവ് അംഗീകരിച്ചു

   c) ഖേഡയിലെ കർഷക സമരം 1918

   - കാരണങ്ങൾ:

     വരൾച്ചയും കൃഷിനാശവും മൂലം ദുരിതത്തിലായ ഗുജറാത്തിലെ ഖേഡയിലെ കർഷകരിൽനിന്നും ബ്രിട്ടീഷുകാർ നികുതി പിരിച്ചത്

   - ഫലങ്ങൾ:

     ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന നികുതി നിഷേധവും സത്യാഗ്രഹവും കാരണം നികുതി പിൻവലിക്കപ്പെട്ടു.

2. ഗാന്ധിജി നടത്തിയ ആദ്യകാല സമരങ്ങൾ ഗാന്ധിജിയെ എല്ലാവർക്കും സ്വീകാര്യനായ ജനകീയ നേതാവാക്കി. ഗാന്ധിജിയുടെ ആദ്യകാല സമരങ്ങളുടെ ഫലങ്ങളിലൊന്നാണ് മുകളിൽ നൽകിയത്. മറ്റു മൂന്ന് ഫലങ്ങൾ കണ്ടെത്തുക.

   - ഗാന്ധിജിയുടെ സമര രീതികളും ആശയങ്ങളും സാധാരണ ജനങ്ങൾക്ക് പരിചയപ്പെടാൻ സാധിച്ചു
   - ദേശീയ പ്രസ്ഥാനത്തിലേക്ക് എല്ലാവിഭാഗം ആളുകളും ആകർഷിക്കപ്പെട്ടു
   - ദേശീയ പ്രസ്ഥാനം ഗ്രാമങ്ങളിലേക്ക് വ്യാപിച്ചു

3. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ കണ്ടെത്തുക.

   - നികുതി നൽകാതിരിക്കുക
   - വക്കീലൻമാർ കോടതികൾ ബഹിഷ്കരിക്കുക
   - വിദേശ വസ്ത്രങ്ങൾ ബഹിഷ്കരിക്കുക
   - തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
   - ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക
   - ഇംഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരിക്കുക

4. നിസ്സഹകരണത്തിനുള്ള ഗാന്ധിജിയുടെ ആഹ്വാനം ജനങ്ങൾ സ്വീകരിച്ചിട്ടുള്ള ഉദാഹരണങ്ങൾ ഏതൊക്കെ?

   - അവധിലെ കർഷകർ നികുതി ബഹിഷ്കരിച്ചു.
   - തൊഴിലാളികൾ പണി മുടക്കി

- വക്കീലൻമാർ കോടതി ബഹിഷ്കരിച്ചു
- വിദ്യാർത്ഥികൾ ബ്രിട്ടീഷ് കോളേജുകളും വിദ്യാലയങ്ങളും ബഹിഷ്കരിച്ചു
- സ്ത്രീകൾ വിദേശ വസ്ത്രങ്ങൾ കത്തിച്ചു
- ഗിരിവർഗക്കാർ നിയമം ലംഘിച്ച് വനഉൽപന്നങ്ങൾ ശേഖരിച്ചു.

5. നിസ്സഹകരണ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ആഹ്വാനം ചെയ്ത നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാം ?
   - തദ്ദേശീയ ഉല്പന്നങ്ങളുടെ നിർമ്മാണത്തിനു പ്രാധാന്യം ലഭിച്ചു
   - ഖാദി ഉൽപ്പന്നങ്ങൾ നിർമ്മിച്ചു
   - ദേശീയ വിദ്യാലയങ്ങളുടെ സ്ഥാപനം
   - ഹിന്ദി പ്രചാരണം
   - അയിത്തോച്ചാടന പ്രവർത്തനങ്ങൾക്ക് പ്രാധാന്യം ലഭിച്ചു
   - ഹിന്ദു - മുസ്ലിം ഐക്യം ശക്തിപ്പെട്ടു
   - ദേശീയ പ്രസ്ഥാനം ഇന്ത്യയുടെ മുക്കിലും മൂലയിലേക്കും വ്യാപിച്ചു.
6. നിസ്സഹകരണ സമരത്തെ തുടർന്ന് ആരംഭിച്ച ദേശീയ വിദ്യാലയങ്ങൾക്ക് ഉദാഹരണം?
   - കാശി വിദ്യാപീഠം
   - ഗുജറാത്ത് വിദ്യാപീഠം
   - ജാമിയാമില്ലിയ
7. ഖിലാഫത്ത് പ്രസ്ഥാനത്തിന് ഇന്ത്യയിൽ നേതൃത്വം നൽകിയത് ആരെല്ലാം?
   - മൗലാന മുഹമ്മദലി
   - മൗലാന ഷൗക്കത്തലി
8. ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഹിന്ദു - മുസ്ലിം ഐക്യം ശക്തിപ്പെടുത്താൻ ഗാന്ധിജിക്കു സാധിച്ച തെങ്ങനെ ?
   - ഗാന്ധിജി ഖിലാഫത്ത് പ്രസ്ഥാനത്തിനു പിന്തുണ പ്രഖ്യാപിക്കുക വഴി ഹിന്ദു - മുസ്ലിം ഐക്യം ഉറപ്പാക്കാൻ സാധിച്ചു.
9. നിസ്സഹകരണ സമരം പിൻവലിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച കാരണമെന്തായിരുന്നു ?
   - ഉത്തർപ്രദേശിലെ ചൗരിചൗരാ എന്ന ഗ്രാമത്തിൽ ജനങ്ങൾക്കു നേരെ പോലീസ് നടത്തിയ വെടി വെപ്പിൽ രോഷാകുലരായ നാട്ടുകാർ പോലീസ് സ്റ്റേഷനു തീയിട്ടു. ഇരുപത്തിരണ്ടു പോലീസുകാർ കൊല്ലപ്പെട്ട സംഭവം അഹിംസാ മാർഗ്ഗത്തിൽനിന്നുള്ള വ്യതിചലനമായതിനാൽ ഗാന്ധിജി നിസ്സഹ കരണസമരം പിൻവലിച്ചു.
10. ഇന്ത്യൻ സ്വതന്ത്ര്യ സമരത്തിലെ വഴിത്തിരവായിരുന്നു 1929-ലെ ലാഹോർ സമ്മേളനം എന്നു പറയു ന്നതെന്തുകൊണ്ട് ?
   - ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ അന്തിമ ലക്ഷ്യം പൂർണ്ണസ്വരാജ് ആണെന്ന് പ്രഖ്യാപിച്ചു
   - ഗാന്ധിജിയുടെ നേതൃത്വത്തിൽ സിവിൽ നിയമ ലംഘനം ആരംഭിക്കാൻ തീരുമാനിച്ചു
11. സിവിൽ നിയമ ലംഘനത്തിന്റെ ഭാഗമായി ഗാന്ധിജി മുന്നോട്ടുവെച്ച ആശയങ്ങൾ എന്തെല്ലാം?
   - ഉപ്പ് നികുതി എടുത്തു കളയുക
   - കർഷകർക്ക് 50% നികുതി ഇളവ് നൽകുക
   - വിദേശ വസ്ത്രങ്ങളുടെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കുക
   - സമ്പൂർണ മദ്യ നിരോധനം നടപ്പിലാക്കുക.
   - രാഷ്ട്രീയ തടവുകാരെ വിട്ടയക്കുക
   - ഉദ്യോഗസ്ഥരുടെ ശമ്പളം വെട്ടിക്കുറക്കുക
   - തീരദേശ കപ്പൽ ഗതാഗതം ആരംഭിക്കുക
12. ഗാന്ധിജി ഉപ്പു സമരായുധമാക്കിയതിന്റെ കാരണം വിവരിക്കുക. ?
   - ബ്രിട്ടീഷുകാരുടെ നികുതി വരുമാനത്തിന്റെ 5 ൽ 2 ഭാഗവും (2/5) ഉപ്പു നികുതിയായിരുന്നു.
   - തദ്ദേശിയ ഉപ്പുൽപ്പാദനത്തിന് നിരോധനം ഏർപ്പെടുത്തിയിരുന്നു.
   - ഉപ്പിന്റെ വില 3 മടങ്ങ് വർദ്ധിച്ചു.
   - ദരിദ്രർക്ക് നികുതിഭാരം താങ്ങാൻ കഴിഞ്ഞില്ല.
   - സാധാരണക്കാരെ ഉണർത്താൻ ഉതകുന്നതായിരുന്നു ഈ പ്രശ്നങ്ങൾ.

13. നിയമലംഘന സമരത്തിന്റെ ഇന്ത്യയിലെ പ്രധാന കേന്ദ്രങ്ങൾ ഏതെല്ലാം?
- പയ്യന്നൂർ (കേരളം)
- വേദാരണ്യം (തമിഴ്നാട്)
- ബോംബെ (മഹാരാഷ്ട്ര)
- നവഖാലി (ബംഗാൾ)

14. ഗുജറാത്തിലെ ധരാസനയിൽ നിയമലംഘന സമരത്തിന് നേതൃത്വം നൽകിയ വനിത ആര്?
- സരോജിനി നായിഡു

15. ഉപ്പ് സത്യാഗ്രഹത്തെ ബ്രിട്ടീഷുകാർ നേരിട്ടത് എങ്ങനെ?
- ബ്രിട്ടീഷ് ഗവൺമെന്റ് സമരത്തെ ക്രൂരമായി അടിച്ചമർത്തുകയും ഗാന്ധിജിയെ അറസ്റ്റ് ചെയ്യുകയും ചെയ്തു.

16. ക്വിറ്റ് ഇന്ത്യാ സമരം പ്രഖ്യാപിക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തെല്ലാം ?
- ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പാക്കാൻ ബ്രിട്ടൻ കാണിച്ച വിമുഖത.
- രൂക്ഷമായ വിലക്കയറ്റവും ക്ഷാമവും.
- രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ

17. ക്വിറ്റ് ഇന്ത്യാ സമരത്തിന്റെ ഭാഗമായി ഗാന്ധിജി ജനങ്ങൾക്ക് നൽകിയ നിർദ്ദേശങ്ങൾ ഏവ?
- നാട്ടുരാജാക്കൻമാർ സ്വന്തം ജനങ്ങളുടെ പരമാധികാരം അംഗീകരിക്കണം.
- കർഷകർ ഭൂനികുതി നൽകരുത്.
- സർക്കാർ ജീവനക്കാർ രാജിവെക്കാതെ പ്രസ്ഥാനത്തോടുള്ള കൂറ് പരസ്യമാക്കണം.
- പട്ടാളക്കാർ സ്വന്തം ആളുകൾക്ക് നേരെ വെടിവെക്കാൻ വിസമ്മതിക്കണം
- വിദ്യാർത്ഥികൾ പഠനം ഉപേക്ഷിക്കണം

18. സ്വാതന്ത്ര്യം നേടുവാനുള്ള ഇന്ത്യൻ ജനതയുടെ നിശ്ചയ ദാർഢ്യത്തിനുള്ള തെളിവായിരുന്നു ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനം വ്യക്തമാക്കുക.
- ഗാന്ധിജി അടക്കമുള്ളവരെ അറസ്റ്റ് ചെയ്തു.
- ബ്രിട്ടീഷ് സർക്കാർ പ്രക്ഷോഭത്തെ അതിക്രൂരമായി നേരിട്ടു
- ജനങ്ങൾ അക്രമാസക്തരായി
- ഗവൺമെന്റ് കെട്ടിടങ്ങൾ, ഇലക്ട്രിക് ലൈനുകൾ, ഗതാഗത മാർഗ്ഗങ്ങൾ തുടങ്ങിയവ തകർത്തു
- 1942 അവസാനിക്കുമ്പോൾ ഇന്ത്യയാകമാനം സമരത്തിന്റെ തീച്ചൂളയിലായി.

19. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ഐ.എൻ.എ.യുടെയും സുഭാഷ് ചന്ദ്രബോസിന്റെയും പങ്ക് പരിശോധിക്കുക.
- ഗാന്ധിയൻ സമര രീതികളോടു വിയോജിപ്പ് പ്രകടിപ്പിച്ചു
- ഫോർവേഡ് ബ്ലോക്ക് രൂപീകരിക്കുകയും ഇന്ത്യൻ നാഷണൽ ആർമി (ഐ.എൻ.എ) യുടെ നേതൃത്വം ഏറ്റെടുക്കുകയും ചെയ്തു.
- സിങ്കപ്പൂരിൽ ഇന്ത്യയ്ക്ക് ഒരു താല്ക്കാലിക ഗവൺമെന്റുണ്ടാക്കി.
- ബ്രിട്ടനെ ഇന്ത്യൻ മണ്ണിൽനിന്നും തുരത്താൻ ജപ്പാന്റെ സഹായത്തോടെ സായുധ പ്രവർത്തനങ്ങളിലേർപ്പെട്ടു.

20. ചേരുംപടി ചേർക്കുക

| | |
|---|---|
| ▸ ലാഹോർ കോൺഗ്രസ്സ് സമ്മേളനം | - 1942 |
| ▸ ക്വിറ്റ് ഇന്ത്യാ സമരം | - 1929 |
| ▸ ഝാൻസി റാണി റജിമെന്റ് | - ക്യാപ്റ്റൻ ലക്ഷ്മി |

- ലാഹോർ കോൺഗ്രസ്സ് സമ്മേളനം - 1929
- ക്വിറ്റ് ഇന്ത്യാ സമരം - 1942
- ഝാൻസി റാണി റജിമെന്റ് - ക്യാപ്റ്റൻ ലക്ഷ്മി

യൂണിറ്റ് 3

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

## പാഠസംഗ്രഹം

- നാട്ടുരാജ്യങ്ങളുടെ സംയോജനം
  - സർദാർ വല്ലഭ്ഭായി പട്ടേൽ
  - വി.പി.മേനോൻ
  - ലയനകരാർ
  - ഹൈദ്രാബാദ്, കാശ്മീർ, ജുനഗഢ്
- ശാസ്ത്ര മുന്നേറ്റം
  - ഗവേഷണ സ്ഥാപനങ്ങൾ
  - ഹോമി ജഹാംഗിർ ഭാഭ
  - എസ്.എൻ.ഭട്നാഗർ
  - ഐ.ഐ.ടി.
- വിദ്യാഭ്യാസം
  - ഡോ.രാധാകൃഷ്ണൻ കമ്മീഷൻ
  - ഡോ.ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ
  - ഡോ.ഡി.എസ്. കോത്താരി കമ്മീഷൻ
  - 1986-ദേശീയ വിദ്യാഭ്യാസ നയം
  - എസ്.എസ്.എ./ആർ.എം.എസ്.എ./ആർ.ടി.ഇ. - 2009
- വിദേശ നയം
  - ജവഹർലാൽ നെഹ്റു
  - പഞ്ചശീല തത്ത്വങ്ങൾ
  - ചേരിചേരായ്മ
  - ഐക്യരാഷ്ട്രസംഘടനയിലുള്ള വിശ്വാസം
  - സമാധാനപരമായ സഹവർത്തിത്വം

യൂണിറ്റ് 3

# സ്വാതന്ത്ര്യാനന്തര ഇന്ത്യ

**താഴെ പറയുന്ന ചോദ്യങ്ങൾ വിശകലനം ചെയ്ത് ഉത്തരങ്ങൾ കണ്ടെത്തുക.**

**(ആവശ്യമെങ്കിൽ ഉത്തര സൂചിക പരിശോധിക്കുക.)**

1. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിന് വേണ്ടി രൂപം നൽകിയ വകുപ്പ് ഏത് ?
   - സ്റ്റേറ്റ്സ് ഡിപ്പാർട്ട്മെന്റ്
2. ലയന കരാർ വിശദമാക്കുക.
   - സർദാർ വല്ലഭായി പട്ടേൽ, വി.പി.മേനോൻ എന്നിവർ ചേർന്ന് ലയനകരാർ തയ്യാറാക്കി.
   - പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയിടെ നിയന്ത്രണം കേന്ദ്ര സർക്കാരിന് നാട്ടുരാജ്യങ്ങൾ കൈമാറണം.
3. ഇന്ത്യൻ യൂണിയനോട് ചേരാതെ നിന്ന നാട്ടുരാജ്യങ്ങൾ ഏതൊക്കെ ?
   - കാശ്മീർ, ഹൈദരാബാദ്, ജുനഗഡ്
4. ഇന്ത്യയിൽ നാട്ടുരാജ്യങ്ങളുടെ സംയോജനം നടന്നത് എങ്ങനെ ?
   - സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട ചുമതല സർദാർവല്ലഭായി പട്ടേലിനായിരുന്നു.
   - സെക്രട്ടറിയായ വി.പി. മേനോനുമായി ചേർന്ന് ഒരു ലയനകരാർ തയ്യാറാക്കി.
   - പ്രതിരോധം വിദേശകാര്യം, വാർത്താവിനിമയം കേന്ദ്രസർക്കാരിന് കൈമാറണം
   - ജനകീയ പ്രതിഷേധങ്ങളും ഇന്ത്യാഗവൺമെന്റിന്റെ പ്രായോഗിക സമീപനങ്ങൾമൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവെച്ചു.
5. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷവും ഫ്രാൻസ്, പോർട്ടുഗൽ എന്നീ യൂറോപ്യൻ രാജ്യങ്ങൾക്ക് ഇന്ത്യയിൽ അധിനിവേശ പ്രദേശങ്ങൾ ഉണ്ടായിരുന്നു. സൈനിക നടപടികളും ജനകീയ പ്രക്ഷോഭങ്ങളും ഇവയുടെ ലയനത്തിനു കാരണമായി. പ്രസ്താവനയുടെ അടിസ്ഥാനത്തിൽ പട്ടിക പൂർത്തിയാക്കുക

| രാജ്യം | അധിനിവേശ പ്രദേശം | ഇന്ത്യയോട് ചേർക്കപ്പെട്ട വർഷം |
|---|---|---|
| ഫ്രാൻസ് | A. ......... .......... ......... ........ | B ............... |
| പോർട്ടുഗൽ | C. ......... .......... ......... | D ............... |

A. പോണ്ടിച്ചേരി, കാരക്കൽ, മാഹി, യാനം

B. 1954

C. ഗോവ, ദാമൻ, ദിയൂ

D. 1961

6. സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷവും ഇന്ത്യയിൽ തുടർന്ന യൂറോപ്യൻ രാജ്യങ്ങൾ ഏവ?
   - പോർട്ടുഗൽ ഫ്രാൻസ്
7. ഫ്രാൻസ്, പോർച്ചുഗൽ രാജ്യങ്ങളുടെ ഇന്ത്യയിൽ നിന്നുള്ള പിൻമാറ്റം എങ്ങനെയായിരുന്നു ?
   - ഫ്രാൻസ് - ജനകീയ പ്രക്ഷോഭത്തെ തുടർന്ന്
   - പോർട്ടുഗൽ - സൈനിക നടപടിയെ തുടർന്ന്
8. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിൽ നിലവിൽ വന്ന ഗവേഷണ സ്ഥാപനങ്ങൾ ഏവ?
   - ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതി (CSIR)
   - ഇന്ത്യൻ കാർഷിക ഗവേഷണ സമിതി (ICAR)
   - ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി (ICMR)

9. ഇന്ത്യയിൽ IIT കൾ സ്ഥാപിതമായതിന്റെ പിന്നിലുള്ള നെഹ്റുവിന്റെ കാഴ്ചപ്പാട് എന്ത്?

- ശാസ്ത്ര സാമഗ്രികളുടേയും വിജ്ഞാനത്തിന്റെയും കാര്യത്തിൽ പാശ്ചാത്യ രാഷ്ട്രങ്ങളെ ആശ്രയിക്കാതിരിക്കുക.

10. ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതിയുടെ പദ്ധതികൾക്ക് നേതൃത്വം നൽകിയ ശാസ്ത്രജ്ഞൻമാർ ആരെല്ലാം?

- ഹോമി ജഹാംഗിർ ഭാഭ, എസ്.എൻ. ഭട്നാഗർ

11. ഹോമി ജഹാംഗിർ ഭാഭ നേതൃത്വം നൽകിയ ശാസ്ത്ര സ്ഥാപനങ്ങൾ ഏതെല്ലാം?

- റ്റാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ഇന്ത്യൻ ആണവോർജ്ജ കമ്മീഷൻ

12. സ്വാതന്ത്ര്യാനന്തര ഇന്ത്യ തദ്ദേശീയ വിദ്യാഭ്യാസ നയം വളർത്തിയെടുക്കാൻ നിയമിച്ച കമ്മീഷനുകൾ, ലക്ഷ്യങ്ങൾ, ശുപാർശകൾ പട്ടികപ്പെടുത്തുക

| കമ്മീഷൻ | ലക്ഷ്യങ്ങൾ | ശുപാർശകൾ |
|---|---|---|
| 1. ഡോ. രാധാകൃഷ്ണൻ കമ്മീഷൻ (1948) | സർവ്വകലാശാലാ വിദ്യാഭ്യാസത്തെ കുറിച്ചുള്ള പഠനം | തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, സ്ത്രീ വിദ്യാഭ്യാസം യു.ജി.സി. രൂപീകരണം |
| 2. ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ (1952) | സെക്കണ്ടറി വിദ്യാഭ്യാസം കുറിച്ചുള്ള പഠനം | ത്രി ഭാഷാപദ്ധതി, വിവിധ ഉദ്ദേശ്യ സ്കൂളുകൾ സ്ഥാപിക്കൽ, അധ്യാപക പരിശീലന സമിതി |
| 3. ഡി.എസ്. കോത്താരി (1964) | വിദ്യാഭ്യാസത്തിന് ദേശീയമാതൃക നിർദ്ദേശിക്കൽ | 10 + 2 + 3 പാറ്റേൺ, സെക്കണ്ടറി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, ധാർമ്മിക വിദ്യാഭ്യാസം |

13. 1986–ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ പട്ടികപ്പെടുത്തുക

    1. പ്രാഥമിക വിദ്യാഭ്യാസത്തിനും, തുടർ വിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകുക
    2. പ്രൈമറി വിദ്യാഭ്യാസം സാർവത്രികമാക്കുക
    3. ഭൗതിക സാഹചര്യങ്ങൾ ഉറപ്പാക്കുക (ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്)
    4. നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കുക
    5. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

14. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ വിദ്യാഭ്യാസ രംഗത്ത് ശ്രദ്ധേയമായ മാറ്റം വരുത്തിയ വിദ്യാഭ്യാസ പദ്ധതികൾ ഏതെല്ലാം ?

    1. SSA
    2. RMSA
    3. RUSA
    4. വിദ്യാഭ്യാസ അവകാശ നിയമം

15. "ഇന്ത്യയുടെ ഭാവി നിർണ്ണയിക്കപ്പെടുന്നത് ക്ലാസ്മുറികളിലാണ്." എന്ന് അഭിപ്രായപ്പെട്ടത്?

- ഡോ. ഡി.എസ്. കോത്താരി

16. 10+2+3 മാതൃകയിൽ വിദ്യാഭ്യാസ ഘടന നിർദ്ദേശിച്ചത് ഏത് വിദ്യാഭ്യാസ കമ്മീഷനാണ്?

- ഡോ. ഡി.എസ്. കോത്താരി കമ്മീഷൻ

17. ത്രിഭാഷാ പദ്ധതി നിർദ്ദേശിച്ച വിദ്യാഭ്യാസ കമ്മീഷൻ ഏത് ?

- ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ

18. വിദ്യാഭ്യാസം മൗലിക അവകാശമാക്കിയ വർഷം ഏത്?

- 2009

19. ഉചിതമായി ക്രമപ്പെടുത്തുക

| | |
|---|---|
| 1 സർവ്വകലാശാല വിദ്യാഭ്യാസം | a ഡോ. ഡി.എസ്. കോത്താരി |
| 2 നവോദയ വിദ്യാലയങ്ങൾ | b ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ |
| 3 സെക്കണ്ടറി വിദ്യാഭ്യാസം | c ദേശീയ വിദ്യാഭ്യാസ നയം 1986 |
| 4 വിദ്യാഭ്യാസ മൗലിക അവകാശം | d ഡോ. എസ്. രാധാകൃഷ്ണൻ കമ്മീഷൻ |
| 5 10+2+3 മാതൃക | e 2009 |

***ഉത്തര സൂചിക***

| | |
|---|---|
| 1 സർവ്വകലാശാല വിദ്യാഭ്യാസം | d ഡോ. എസ്. രാധാകൃഷ്ണൻ കമ്മീഷൻ |
| 2 നവോദയ വിദ്യാലയങ്ങൾ | c ദേശീയ വിദ്യാഭ്യാസ നയം 1986 |
| 3 സെക്കണ്ടറി വിദ്യാഭ്യാസം | b ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ |
| 4 വിദ്യാഭ്യാസ മൗലിക അവകാശം | e 2009 |
| 5 10+2+3 മാതൃക | a ഡോ. ഡി.എസ്. കോത്താരി |

20. ഇന്ത്യൻ വിദേശനയത്തിന്റെ ശില്പി ആര് ?

ജവഹർലാൽ നെഹ്റു

21. ഇന്ത്യൻ വിദേശ നയത്തിന്റെ പ്രധാന തത്ത്വങ്ങൾ ഏവ ?

- സാമ്രാജ്യത്വത്തോടുള്ള എതിർപ്പ്
- കോളനി വാഴ്ചയോടുള്ള എതിർപ്പ്
- വംശീയ വാദത്തോടുള്ള വിദ്വേഷം
- സമാധാനപരമായ സഹവർത്തിത്ത്വം
- യൂ.എൻ.ഒ. യിലുള്ള വിശ്വാസം
- പഞ്ചശീല തത്വങ്ങൾ
- ചേരിചേരായ്മ
- സഹവർത്തിത്വം

യൂണിറ്റ് 4

# ഋതുഭേദങ്ങളും സമയവും

## പാഠസംഗ്രഹം

**ഋതുഭേദങ്ങൾ - കാരണങ്ങൾ**

- ഭൂമിയുടെ പരിക്രമണം
- അച്ചുതണ്ടിന്റെ ചരിവ്
- അച്ചുതണ്ടിന്റെ സമാന്തരത
- സൂര്യന്റെ അയനം
- സൗരോർജ്ജ ലഭ്യതയിലെ ഏറ്റക്കുറച്ചിൽ

**ഋതുക്കൾ**

- ശൈത്യം - ഡിസംബർ 22 മുതൽ മാർച്ച് 21 വരെ
- വസന്തം - മാർച്ച് 21 മുതൽ ജൂൺ 21 വരെ
- ഗ്രീഷ്മം - ജൂൺ 21 മുതൽ സെപ്തംബർ 23 വരെ
- ഹേമന്തം - സെപ്തംബർ 23 മുതൽ ഡിസംബർ 22 വരെ

**സൂര്യന്റെ അയനം**

- ഡിസംബർ 22 - സൂര്യന്റെ ലംബ രശ്മി ദക്ഷിണായനരേഖയിൽ - ശൈത്യ അയനാന്തദിനം
- മാർച്ച് 21 - സൂര്യന്റെ ലംബ രശ്മി ഭൂമധ്യരേഖയിൽ - സമരാത്രദിനം / വിഷുവം
- ജൂൺ 21 - സൂര്യന്റെ ലംബ രശ്മി ഉത്തരായനരേഖയിൽ - ഗ്രീഷ്മ അയനാന്തദിനം
- സെപ്തംബർ 23 - സൂര്യന്റെ ലംബ രശ്മി ഭൂമധ്യരേഖയിൽ - സമരാത്രദിനം/ വിഷുവം

**പ്രാദേശികസമയം**

- സൂര്യന്റെ ഉച്ചനിലയെ ആധാരമാക്കി നിർണയിക്കുന്ന സമയം.
- ഒരു രാജ്യത്ത് നിരവധി പ്രാദേശിക സമയങ്ങൾ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
- പൊതുപരീക്ഷകൾ
- തീവണ്ടി സമയം
- റേഡിയോ പ്രക്ഷേപണം
- ടെലിവിഷൻ സംപ്രേക്ഷണം

**സമയനിർണയം**

- ഭൂമിയുടെ ഭ്രമണം പടിഞ്ഞാറുനിന്ന് കിഴക്കോട്ട്
- കിഴക്കോട്ട് സമയകൂടുതൽ, പടിഞ്ഞാറോട്ട് സമയക്കുറവ്
- ഒരു ഡിഗ്രി രേഖാംശം തിരിയാൻ 4 മിനിട്ട്
- 15 ഡിഗ്രി തിരിയാൻ 1 മണിക്കൂർ

**ഗ്രീനിച്ച് രേഖ**

- 0 ഡിഗ്രി രേഖാംശരേഖ
- ഗ്രീനിച്ച് എന്ന സ്ഥലത്തുകൂടി കടന്നു പോകുന്നു.
- പ്രൈം മെറീഡിയൻ
- ഗ്രീനിച്ച് സമയം

**സ്റ്റാൻഡേർഡ് സമയം / മാനക സമയം**

- രാജ്യങ്ങളുടെ കേന്ദ്രഭാഗത്തുകൂടി പോകുന്ന രേഖാംശരേഖ
- മാനകരേഖാംശം
- രാജ്യത്തിന്റെ പൊതുസമയം
- ഇന്ത്യയുടെ മാനക രേഖാംശം $82^o$ 30 പൂർവരേഖാംശം. ($82½^o$ E)
- ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം 5½ മണിക്കൂർ മുന്നിൽ.

**അന്താരാഷ്ട്ര ദിനാങ്ക രേഖ**

- $180^0$ രേഖാംശരേഖ
- ഒരു നേർരേഖയല്ല
- ഈ രേഖയുടെ ഇരുവശത്തും 24 മണിക്കൂർ വ്യത്യാസം
- പടിഞ്ഞാറ് ഒരു ദിവസം മുന്നിലും കിഴക്ക് ഒരു ദിവസം പിന്നിലും ആയിരിക്കും.

**സമയം കണക്കാക്കാം**

- ഒരു രേഖാംശത്തിലെ ദിവസവും സമയവും തന്നാൽ മറ്റൊരു രേഖാംശത്തിലെ ദിവസവും സമയവും കണക്കാക്കാം.

**താഴെ പറയുന്ന ചോദ്യങ്ങൾ വിശകലനം ചെയ്ത് ഉത്തരങ്ങൾ കണ്ടെത്തുക.**

**(ആവശ്യമെങ്കിൽ ഉത്തര സൂചിക പരിശോധിക്കുക.)**

1. ഋതുഭേദങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങൾ പട്ടികപ്പെടുത്തുക
   - ഭൂമിയുടെ പരിക്രമണം
   - അച്ചുതണ്ടിന്റെ ചരിവ്
   - അച്ചുതണ്ടിന്റെ സമാന്തരത
   - സൂര്യന്റെ അയനം * സൗരോർജ്ജ ലഭ്യതയിലെ ഏറ്റക്കുറച്ചിൽ

2. എന്താണ് ഭൂമിയുടെ അച്ചുതണ്ടിന്റെ സമാന്തരത?

   ഭൂമിയുടെ അച്ചുതണ്ടിന് പരിക്രമണ തലത്തിൽ നിന്നും $66^1/_2{}^0$ യും ലംബ തലത്തിൽ നിന്ന് $23^1/_2{}^0$ യും ചരിവുണ്ട്. പരിക്രമണ വേളയിൽ ഉടനീളം ഭൂമി ഈ ചരിവ് നിലനിർത്തുന്നു. ഇതാണ് അച്ചുതണ്ടിന്റെ സമാന്തരത

3. സൂര്യന്റെ അയനം എന്നാലെന്ത്? അതിന് കാരണമെന്ത്?

   ഉത്തരായന രേഖയ്ക്കും ദക്ഷിണായന രേഖയ്ക്കും ഇടയിലുള്ള സൂര്യന്റെ ആപേക്ഷികമായ സ്ഥാനമാറ്റമാണ് സൂര്യന്റെ അയനം. ഭൂമി പരിക്രമണ വേളയിൽ ഉടനീളം അച്ചുതണ്ടിന്റെ ചരിവ് നിലനിർത്തുന്നതാണ് ഇതിന് കാരണം.

4. പട്ടിക പൂർത്തിയാക്കുക.

| ദിനം | സൂര്യന്റെ സ്ഥാനം | ദിനത്തിന്റെ പേര് | പകലിന്റെ ദൈർഘ്യം | |
|---|---|---|---|---|
| | | | ഉത്തരാർദ്ധഗോളം | ദക്ഷിണാർദ്ധ ഗോളം |
| മാർച്ച് 21 | a) .............................. | സമരാത്രദിനം | g) ............................ | തുല്യം |
| ജൂൺ 21 | b) ............................. | d)............................... | കൂടുതൽ | കുറവ് |
| സെപ്. 23 | c) ................................ | e) ............................ | തുല്യം | i)................................... |
| ഡിസം. 22 | ദക്ഷിണായന രേഖ | f) ............................ | h)............................. | j) ................................ |

a) ഭൂമദ്ധ്യ രേഖ

b) ഉത്തരായന രേഖ

c) ഭൂമധ്യരേഖ

d) ഗ്രീഷ്മ അയനാന്തദിനം

e) സമരാത്രദിനം

f) ശൈത്യ അയനാന്ത ദിനം

g) തുല്യം

h) കുറവ്

i) തുല്യം

j) കൂടുതൽ

5. ഹേമന്തകാലത്ത് മരങ്ങൾ ഇലപൊഴിക്കാൻ കാരണമെന്ത് ?

   വരാനിരിക്കുന്ന വരണ്ട ശൈത്യകാലത്തെ അതിജീവിക്കാനുള്ള തയ്യാറെടുപ്പാണ് ഇലപൊഴിച്ചിൽ

6. പട്ടിക

**ഋതുക്കളും സവിശേഷതകളും**

| വസന്തം | ഗ്രീഷ്മം |
|---|---|
| ♦ ശൈത്യത്തിൽ നിന്നും വേനൽകാലത്തേക്കുള്ള മാറ്റം<br>♦ ചെടികൾ തളിർക്കുന്നു, പൂക്കുന്നു.<br>♦ ഫലങ്ങൾ ഉണ്ടാവുന്നു. | ♦ ഉയർന്ന അന്തരീക്ഷ ചൂട്<br>♦ കൂടിയ പകൽ<br>♦ കുറഞ്ഞ രാത്രി |
| ഹേമന്തം | ശൈത്യം |
| ♦ വേനലിൽ നിന്നും ശൈത്യത്തിലേക്കുള്ള മാറ്റം<br>♦ ചൂട് കുറയുന്നു.<br>♦ പകൽ കുറയുന്നു.<br>♦ ചെടികൾ ഇലപൊഴിക്കുന്നു. | ♦ കൂടുതൽ തണുപ്പ്<br>♦ മഞ്ഞ് വീഴ്ച<br>♦ കൂടിയ രാത്രി<br>♦ വരണ്ട കാലം |

7. ഋതുവ്യത്യാസം ഏറ്റവും പ്രകടമായി അനുഭവപ്പെടുന്നത് താഴെ പറയുന്നവയിൽ ഏത് പ്രദേശത്താണ് ?

a) ഉഷ്ണമേഖല


b) മിതോഷ്ണ മേഖല

c) ശൈത്യമേഖല

**ഉത്തരസൂചിക**

b) മിതോഷ്ണമേഖല

8. നൽകിയിരിക്കുന്ന ചിത്രം നിരീക്ഷിച്ച് പട്ടിക പൂർത്തിയാക്കുക



| സൂര്യന്റെ അയനം | മാസങ്ങൾ | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധഗോളം | ദക്ഷിണാർധ ഗോളം |
| ദക്ഷിണായന രേഖയിൽ നിന്ന് ഭൂമധ്യരേഖയിലേക്ക് | c)........................ | ശൈത്യം | g).................................. |
| a) ...................................... | മാർച്ച് 21 മുതൽ ജൂൺ 21 വരെ | e) ............................. | ഹേമന്തം |
| ഉത്തരായന രേഖയിൽ നിന്ന് ഭൂമധ്യരേഖയിലേക്ക് | d) .......................... | ഗ്രീഷ്മം | h) .......................................... |
| b) ...................................... | സെപ്റ്റം 23 മുതൽ ഡിസം. 22 വരെ | f) ................................ | വസന്തം |

a) ഭൂമധ്യ രേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്ക്

b) ഭൂമധ്യ രേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്ക്

c) ഡിസംബർ 22 മുതൽ മാർച്ച് 21 വരെ

d) ജൂൺ 21 മുതൽ സെപ്റ്റം. 23 വരെ

e) വസന്തം g) ഗ്രീഷ്മം

f) ഹേമന്തം h) ശൈത്യം

9. സൂര്യൻ ദക്ഷിണാർദ്ധഗോളത്തിൽ ആയിരിക്കുമ്പോൾ ദക്ഷിണ ധ്രുവ പ്രദേശങ്ങളിൽ രാപ്പകലുകളുടെ ദൈർഘ്യം എപ്രകാരമായിരിക്കും. ?

   6 മാസം തുടർച്ചയായി പകൽ ആയിരിക്കും.

10. ആദ്യകാലങ്ങളിൽ സമയം നിർണ്ണയിച്ചിരുന്നതിന്റെ അടിസ്ഥാനം എന്തായിരുന്നു ?

   ഒരു പ്രദേശത്തെ സൂര്യന്റെ ഉച്ചസ്ഥാനം, സൂര്യപ്രകാശം സൃഷ്ടിക്കുന്ന നിഴൽ എന്നിവയെ അടിസ്ഥാനപ്പെടുത്തി.

11. സൂര്യന്റെ ഉച്ചനില എന്നാൽ എന്ത്?

   തലക്കു മുകളിലായി സൂര്യൻ എത്തുന്നത് ഉച്ചയ്ക്ക് 12 മണിയെന്ന് കണക്കാക്കുന്നു. ഇതാണ് ഉച്ചനില

12. പ്രാദേശിക സമയം എന്നാൽ എന്ത് ?

   ഓരോ സ്ഥലത്തും സൂര്യന്റെ ഉച്ചനിലയെ ആധാരമാക്കി നിർണ്ണയിക്കുന്ന സമയത്തെയാണ് പ്രാദേശിക സമയം എന്ന് പറയുന്നത്.

13. ഭൂഭ്രമണത്തിന്റെ പ്രധാന സവിശേഷതകൾ ഏതൊക്കെ?

* ഭൂമി സ്വന്തം അച്ചുതണ്ടിൽ സ്വയം തിരിയുന്നതാണ് ഭ്രമണം
* ഭ്രമണം പടിഞ്ഞാറു നിന്ന് കിഴക്കോട്ട്
* ഒരു ഭ്രമണം പൂർത്തിയാകാൻ 24 മണിക്കൂർ

* ഭ്രമണം പടിഞ്ഞാറു നിന്ന് കിഴക്കോട്ടായതിനാൽ സൂര്യോദയം ആദ്യം അനുഭവപ്പെടുന്നത് ഒരു പ്രദേശത്തിന്റെ കിഴക്കു ദിക്കിലായിരിക്കും.

14. ഇന്ത്യയിൽ സൂര്യോദയം ആദ്യംകാണുന്നത് അരുണാചൽ പ്രദേശിലുള്ളവരാണ്. കാരണമെന്ത്?

* ഭൂമിയുടെ ഭ്രമണം പടിഞ്ഞാറു നിന്ന് കിഴക്കോട്ടാണ്
* സൂര്യോദയം ആദ്യം അനുഭവപ്പെടുന്നത് ഒരു പ്രദേശത്തിന്റെ കിഴക്കു ദിക്കിലായിരിക്കും
* ഇന്ത്യയുടെ കിഴക്കേയറ്റത്തുള്ള സംസ്ഥാനമാണ് അരുണാചൽ പ്രദേശ്

15 നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക

| ഭൂമിയുടെ ഭ്രമണം | സമയം |
|---|---|
| ഒരു ഭ്രമണം പൂർത്തിയാക്കാൻ | a ...................................... |
| ഒരു ഡിഗ്രി രേഖാംശ പ്രദേശം തിരിയാൻ | b ...................................... |
| $15^0$ രേഖാംശ പ്രദേശം തിരിയാൻ | c ...................................... |

a) 24 മണിക്കൂർ b) 4 മിനിട്ട് c) 1 മണിക്കൂർ

16. ഒരു രാജ്യത്ത് നിരവധി പ്രാദേശിക സമയങ്ങൾ ഉണ്ടായാൽ അത് സൃഷ്ടിക്കുന്ന പ്രയാസങ്ങൾ എന്തെല്ലാം ?

1 തീവണ്ടി സമയ ക്രമം തയ്യാറാക്കാൻ കഴിയില്ല.

1 മത്സര പരീക്ഷകളെ ബാധിക്കും

1 റേഡിയോ സമയക്രമം നൽകാൻ കഴിയില്ല

1 ടെലിവിഷൻ സമയക്രമം ബുദ്ധിമുട്ടാകും

17 ഗ്രീനിച്ച് രേഖ - കുറിപ്പെഴുതുക

* $0^0$ രേഖാംശ രേഖ (പൂജ്യം ഡിഗ്രി)
* ഇംഗ്ലണ്ടിലെ ഗ്രീനിച്ചിലൂടെ കടന്നു പോകുന്നു
* ലോകസമയം നിർണ്ണയിക്കാൻ ആധാരമാകുന്നു
* പ്രൈം മെറീഡിയൻ എന്നറിയപ്പെടുന്നു
* ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയം ഗ്രീനിച്ച് സമയം എന്നറിയപ്പെടുന്നു
* ഗ്രീനിച്ച് രേഖയെ അടിസ്ഥാനപ്പെടുത്തി ലോകത്തെ 24 സമയമേഖലകളിലായി തിരിച്ചിരിക്കുന്നു.

18. മാനക രേഖാംശം, മാനക സമയം ഇവ എന്തെന്ന് വ്യക്തമാക്കുക ?

ഓരോ രാജ്യവും അതിന്റെ മധ്യഭാഗത്തു കൂടി കടന്നു പോകുന്ന രേഖാംശരേഖയെ അടിസ്ഥാനമാക്കിയാണ് രാജ്യത്തെ പൊതു സമയം കണക്കാക്കുന്നത്. പ്രസ്തുത രേഖാംശ രേഖയെ മാനകരേഖാംശം എന്ന് പറയുന്നു. മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തെ മാനകസമയം.

19. ഒരു രേഖാംശത്തിൽ നിന്ന് കിഴക്കോട്ട് പോകുന്തോറും സമയം കൂടുതലും പടിഞ്ഞാറോട്ട് പോകുന്തോറും സമയം കുറവും അനുഭവപ്പെടാൻ കാരണമെന്ത്?

ഭൂമിയുടെ ഭ്രമണ ദിശ പടിഞ്ഞാറു നിന്ന് കിഴക്കോട്ടാണ്.

20. ഇന്ത്യയുടെ മാനക രേഖാംശം ഏതാണ്?

$82^1/_2{}^0$ കിഴക്ക് രേഖാംശം (പൂർവ്വ രേഖാംശം)


ഇന്ത്യയുടെ ഏതാണ്ട് മധ്യത്തിലൂടെയാണ് ഈ രേഖാംശം കടന്നു പോകുന്നത്.

21. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തിൽ നിന്ന് എത്ര വ്യത്യാസപ്പെട്ടിരിക്കുന്നു ?

ഇന്ത്യയുടെ സ്ഥാനം ഗ്രീനിച്ച് രേഖയുടെ കിഴക്ക് ആയതിനാൽ

$5^1/_2$ മണിക്കൂർ മുന്നിലാണ് ഇന്ത്യൻ സമയം

22. ഗ്രീനിച്ച് രേഖയിൽ സമയം 10 am ആയിരിക്കുമ്പോൾ a,b,c,d എന്നീ രേഖാംശ രേഖകളിലെ സമയം രേഖപ്പെടുത്തുക.





a) 9.48 am  b) 9.56 am  c) 10.08 am  d) 10.16 am

23. അന്താരാഷ്ട്ര ദിനാങ്ക രേഖയുടെ പ്രധാന സവിശേഷതകൾ ഏവ?

- $180^0$ രേഖാംശം
- കരഭാഗത്തുകൂടി കടന്നു പോകുന്നില്ല
- ഒരു നേർ രേഖയല്ല
- ഈ രേഖയെ അടിസ്ഥാനപ്പെടുത്തിയാണ് ദിവസം കണക്കാക്കുന്നത്
- ഈ രേഖ മുറിച്ച് കടന്ന് പടിഞ്ഞാറോട്ട് പോകുന്നവർ ഒരുദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും കണക്കാക്കുന്നു.


24. ഗ്രീനിച്ച് സമയം 8 am ആയിരിക്കുമ്പോൾ ഇന്ത്യയിലെ സമയം എത്രയായിരിക്കും ?

- 1.30 pm




25. ഗ്രീനിച്ച് സമയം 10 am ആയിരിക്കുമ്പോൾ 75 ഡിഗ്രി കിഴക്ക്, 60 ഡിഗ്രി പടിഞ്ഞാറ് രേഖാംശ രേഖകളിൽ സമയം എത്രയായിരിക്കും. ?

- 3 pm - 75 ഡിഗ്രി കിഴക്ക്
- 6 am - 60 ഡിഗ്രി പടിഞ്ഞാറ്



## അധിക ചോദ്യങ്ങൾ

26. വ്യത്യസ്ത ഋതുക്കൾ മാറിമാറി ആവർത്തിക്കുന്നതിനു കാരണമെന്ത് ?

- സൂര്യന്റെ അയനം

27. ഉഷ്ണമേഖലാ പ്രദേശങ്ങളിൽ പൊതുവെ ഋതുഭേദങ്ങൾ പ്രകടമായി അനുഭവപ്പെടാറില്ല. എന്തുകൊണ്ട്?

- വർഷം മുഴുവൻ ഉയർന്ന തോതിൽ സൂര്യപ്രകാശം ലഭിക്കുന്നതിനാൽ.

28. പകലിന്റെയും രാത്രിയുടെയും ദൈർഘ്യം തുല്ല്യമായ ദിനം ഏതു പേരിൽ അറിയപ്പെടുന്നു.

- സമരാത്രദിനങ്ങൾ അഥവാ വിഷുവങ്ങൾ

29. ഉത്തരായന കാലത്ത് സൂര്യൻ ഭൂമധ്യരേഖയ്ക്ക് നേർമുകളിൽ എത്തുന്ന ദിനം ഏത് ?

- മാർച്ച് 21

30. സൂര്യൻ ഉത്തരായന രേഖയ്ക്ക് നേർമുകളിൽ വരുന്ന ജൂൺ 21 അറിയപ്പെടുന്ന പേരെന്ത് ?

- ഗ്രീഷ്മ അയനാന്ത ദിനം

31. ഉത്തരാർദ്ധ ഗോളത്തിൽ ഏറ്റവും ഹ്രസ്വമായ രാത്രി അനുഭവപ്പെടുന്ന ദിവസമേത് ?

- ജൂൺ 21 (ഗ്രീഷ്മ അയനാന്ത ദിനം)

32. ദക്ഷിണാർദ്ധ ഗോളത്തിൽ ഏറ്റവും ദൈർഘ്യമേറിയ രാത്രി അനുഭവപ്പെടുന്ന ദിനമേത് ?

- ജൂൺ 21

33. സൂര്യ രശ്മികൾ ദക്ഷിണായന രേഖയ്ക്ക് നേർമുകളിൽ വരുന്ന ഡിസംബർ 22 ഉത്തരാർദ്ധ ഗോളത്തിൽ അറിയപ്പെടുന്ന പേരെന്ത് ?

- ശൈത്യ അയനാന്തദിനം

34. ഉത്തരാർദ്ധ ഗോളത്തിൽ ഏറ്റവും ഹ്രസ്വമായ പകൽ അനുഭവപ്പെടുന്ന ദിനമേത് ?

- ഡിസംബർ 22 (ശൈത്യ അയനാന്തദിനം)

35. വേനൽ കാലത്തിൽ നിന്നും ശൈത്യകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമേത് ?

- ഹേമന്തകാലം

# യൂണിറ്റ് – 5

# വൈവിധ്യങ്ങളുടെ ഇന്ത്യ

## പാഠസംഗ്രഹം

**1. ഉത്തരപർവ്വത മേഖല**

❋ ട്രാൻസ്ഹിമാലയം (കാറക്കോറം, ലഡാക്ക്, സസ്കർ)
❋ ഹിമാലയം (ഹിമാദ്രി, ഹിമാചൽ, സിവാലിക്)
❋ കിഴക്കൻ മലനിരകൾ (പത്കായിബും, നാഗാകുന്നുകൾ, ഗാരോ, ഖാസി, ജയന്തിയ കുന്നുകൾ, മിസോകുന്നുകൾ)

**2. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി**

❋ മൗണ്ട് K2 (ഗോഡ്വിൻ ആസ്റ്റിൻ)

**3. ഹിമാലയം-സവിശേഷതകൾ**

❋ 2400 കി.മീ.നീളം ❋ ഉയരം കൂടിയ നിരവധി കൊടുമുടികൾ ❋ കിഴക്കോട്ട് പോകുന്തോറും ഉയരം കുറയുന്നു ❋ കാശ്മീർ ഭാഗത്ത് 400 കി.മീ. വീതി. അരുണാചലിൽ 150 കി.മീ. വീതി ❋ 5 ലക്ഷം ച.കി.മീ. വിസ്തൃതി ❋ 3 സമാന്തര നിരകൾ ❋ ഹിമാദ്രി ❋ ഹിമാചൽ ❋ സിവാലിക്

**4. ഹിമാദ്രി**

❋ ഏറ്റവും ഉയരം കൂടിയ നിര ❋ ശരാശരി ഉയരം 6000 മീ. ❋ ഗംഗ, യമുന നദികളുടെ ഉത്ഭവസ്ഥാനം ❋ 8000 മീ.നുമുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ

**5. ഹിമാചൽ**

❋ ഹിമാദ്രിക്ക് തെക്ക് ഭാഗം ❋ ശരാശരി ഉയരം 3000 മീ. ❋ ഷിംല, ഡാർജിലിംഗ് തുടങ്ങിയ സുഖവാസ കേന്ദ്രങ്ങൾ

**6. സിവാലിക്**

❋ ഹിമാചലിന് തെക്കുഭാഗം ❋ ശരാശരി ഉയരം 1220 മീ. ❋ നദികൾ ഒഴുകുന്നത് ഇതിന്റെ തുടർച്ചയ്ക്ക് തടസ്സ മുണ്ടാക്കുന്നു ❋ നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ (ഡ്യൂൺസ്)

**7. ഹിമാലയൻ നദികൾ**

| നദി | ഉത്ഭവസ്ഥാനം | പോഷകനദികൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|
| 1. സിന്ധു | മാനസസരോവർ തടാകം | ഝലം<br>ചിനാബ്<br>രവി<br>സത്ലജ്<br>ബിയാസ് | അറബിക്കടൽ |
| 2. ഗംഗ | ഗംഗോത്രിയിലെ ഗോമുഖ് ഗുഹ | യമുന<br>ഗംഗ<br>സോൺ<br>ഗണ്ഡക്<br>ഘാഗ്ര<br>കോസി | ബംഗാൾ ഉൾക്കടൽ |
| 3. ബ്രഹ്മപുത്ര | ചെമ-യുങ്-തുങ് ഹിമാനി | തിസ്ത<br>മാനസ്<br>ലുഹിത്<br>സുബാൻസിരി | ബംഗാൾ ഉൾക്കടൽ |

8. **ഉപദ്വീപീയ പീഠഭൂമി**

❈ ഏറ്റവും വിസ്തൃതം ❈ ഏറ്റവും പഴക്കം ചെന്നത് ❈ ഉറപ്പേറിയ ശിലകൾ ❈ 15 ലക്ഷം ച.കി.മീ. വിസ്തൃതി ❈ പർവ്വതങ്ങൾ, പീഠഭൂമികൾ, താഴ്വരകൾ ❈ ആനമുടി ഏറ്റവും ഉയരം കൂടിയ കൊടുമുടി ❈ ധാതുക്കളുടെ കലവറ ❈ കാലികമായി മാത്രം മഴ ❈ ഉഷ്ണമേഖലാ മഴക്കാടുകളും ഉഷ്ണമേഖലാ ഇലപൊഴിയും കാടുകളും സസ്യജാലങ്ങൾ ❈ ലാവാശിലകൾ ❈ കറുത്തമണ്ണ് ❈ പരുത്തികൃഷിക്ക് യോജിച്ചത് ❈ ചെമ്മണ്ണും കാണപ്പെടുന്നു ❈ ഇരുമ്പിന്റെ അംശം മണ്ണിന് ചുവപ്പ് നിറം നൽകുന്നു ❈ അനേകം നദികളുടെ ഉത്ഭവപ്രദേശം ❈ നദികൾക്ക് മഴയിൽ നിന്നുമാത്രം വെള്ളം

9. **ഉപദ്വീപീയ നദികൾ**

| നദി | ഉത്ഭവസ്ഥാനം | പോഷകനദികൾ | ചെന്നുച്ചേരുന്ന കടൽ |
|---|---|---|---|
| 1. കാവേരി | ബ്രഹ്മഗിരികുന്നുകൾ | ❈ കബനി<br>❈ അമരാവതി | ബംഗാൾ ഉൾക്കടൽ |
| 2. കൃഷ്ണ | മഹാബലേശ്വർ | ❈ ഭീമ<br>❈ തുംഗഭദ്ര | ബംഗാൾ ഉൾക്കടൽ |
| 3. ഗോദാവരി | നാസിക് ജില്ല | ❈ ശബരി<br>❈ ഇന്ദ്രാവതി | ബംഗാൾ ഉൾക്കടൽ |
| 4. മഹാനദി | മൈക്കേലാനിര (മധ്യപ്രദേശ്) | ❈ ഇബ്<br>❈ ടെൽ | ബംഗാൾ ഉൾക്കടൽ |
| 5. നർമ്മദ | മൈക്കേലാനിര (ഛത്തീസ്ഗഡ്) | ❈ ഹിരൺ<br>❈ ബൻജൻ | അറബിക്കടൽ |
| 6. താപ്തി | മുൻതായ് പീഠഭൂമി | ❈ ആനർ<br>❈ ഗിർന | അറബിക്കടൽ |

10. **ഹിമാലയൻ നദികളെയും ഉപദ്വീപീയനദികളെയും താരതമ്യം ചെയ്യൽ**

| ഹിമാലയൻ നദികൾ | ഉപദ്വീപീയനദികൾ |
|---|---|
| ❋ ഹിമാലയത്തിൽ നിന്നും ഉത്ഭവിക്കുന്നു | ❋ ഉപദ്വീപീയ പീഠഭൂമിയിൽ നിന്നും ഉത്ഭവിക്കുന്നു. |
| ❋ അതിവിസ്തൃതമായ വൃഷ്ടിപ്രദേശം | ❋ താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം |
| ❋ അപരദന തീവ്രത കൂടുതൽ | ❋ അപരദന തീവ്രത താരതമ്യേന കുറവ് |
| ❋ പർവ്വതമേഖലയിൽ ഗിരികന്ദരങ്ങൾ, സമതലങ്ങളിൽ വളഞ്ഞ് പുളഞ്ഞ് ഒഴുകുന്നു. | ❋ നദികൾ അഗാധമായ താഴ് വരകൾ സൃഷ്ടിക്കുന്നില്ല |
| ❋ ഉയർന്ന ജലസേചന സൗകര്യം | ❋ കുറഞ്ഞ ജലസേചനശേഷി |
| ❋ ഉൾനാടൻ ജലഗതാഗതത്തിന് യോജിച്ചത് | ❋ ഉൾനാടൻ ജലഗതാഗതത്തിന് യോജിച്ചതല്ല |

11. **ഇന്ത്യയുടെ തീരസമതലം**

രണ്ടായി തിരിക്കാം ❋ പടിഞ്ഞാറൻ തീരസമതലം ❋ കിഴക്കൻ തീരസമതലം

**പടിഞ്ഞാറൻ തീരസമതലം**

❋ അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ

❋ റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ

❋ താരതമ്യേന വീതി കുറവ് ❋ ഗുജറാത്ത് തീരം, കൊങ്കൺതീരം, മലബാർ തീരം എന്നിങ്ങനെ 3 ഭാഗം ❋ കായലുകളും അഴിമുഖങ്ങളും ❋ തെക്കുപടിഞ്ഞാറൻ മൺസൂണിന്റെ സ്വാധീനം

**കിഴക്കൻ തീരസമതലം**

❋ ബംഗാൾ ഉൾക്കടലിനും പൂർവ്വ ഘട്ടത്തിനുമിടയിൽ

❋ സുന്ദരവനം മുതൽ കന്യാകുമാരി വരെ ❋ വീതി കുറവ്

❋ കോറമണ്ഡൽ തീരം, വടക്കൻ സിർക്കാർസ് - രണ്ടായി തിരിക്കാം

❋ ഡൽറ്റകൾ രൂപീകരിക്കുന്നു ❋ വടക്കുകിഴക്കൻ മൺസൂണിന്റെ സ്വാധീനമേഖല

**താഴെ പറയുന്ന ചോദ്യങ്ങൾ വിശകലനം ചെയ്ത് ഉത്തരങ്ങൾ കണ്ടെത്തുക.**

**(ആവശ്യമെങ്കിൽ ഉത്തര സൂചിക പരിശോധിക്കുക.)**

1. **ഇന്ത്യയുടെ ഭൂപ്രകൃതി വിഭാഗങ്ങൾ ?**

❋ ഉത്തര പർവ്വതമേഖല ❋ ഉത്തര മഹാസമതലം ❋ ഉപദ്വീപിയ പീഠഭൂമി ❋ തീരസമതലം

❋ ദ്വീപുകൾ

2. **ഉത്തര പർവ്വത മേഖലയുടെ സവിശേഷതകൾ വിവരിക്കുക ?**

**അല്ലെങ്കിൽ**

**ഉത്തര പർവ്വതമേഖലയിൽ ഉൾപ്പെടുന്ന നിരകൾ ഏതൊക്കെ ?**

**ഹിമാലയത്തിലെ മൂന്ന് നിരകളെയും അവയുടെ സവിശേഷതകളെയും കുറിച്ച് വിവരിക്കുക ?**

❋ കാശ്മീരിന് വടക്കു പടിഞ്ഞാറ് മുതൽ ഇന്ത്യയുടെ കിഴക്കൻ അതിർത്തിവരെ ഒരു വൻമതിൽ പോലെ നിലകൊള്ളുന്നു.

❋ ട്രാൻസ്ഹിമാലയം, ഹിമാലയം, കിഴക്കൻ മലനിരകൾ എന്നിങ്ങനെ മൂന്നായി തിരിക്കാം.

❋ ഇരുണ്ട തവിട്ടുനിറമോ, കറുത്ത നിറമോ ഉള്ള മണ്ണ് (പർവ്വതമണ്ണ്) കാണപ്പെടുന്നു.

### i **ട്രാൻസ് ഹിമാലയം**

❋ കാറക്കോറം, ലഡാക്ക്, സസ്കർ എന്നീ നിരകൾ ചേർന്നത്.

❋ ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയായ മൗണ്ട് $K_2$ അഥവാ ഗോഡ്വിൻ ആസ്റ്റിൻ, കാറക്കോറം നിരയിൽ സ്ഥിതിചെയ്യുന്നു.

❋ ശരാശരി ഉയരം 6000 മീറ്റർ.

### ii **ഹിമാലയം**

❋ ട്രാൻസ് ഹിമാലയത്തിനും കിഴക്കൻ മലനിരകൾക്കുമിടയിൽ

❋ 2400 കി.മീ നീളം

❋ ലോകത്തിലെ ഉയരമേറിയ നിരവധി കൊടുമുടികൾ ഇവിടെയുണ്ട്

❋ കിഴക്കോട്ട് പോകുന്തോറും ഉയരം കുറഞ്ഞുവരുന്നു.

❋ കാശ്മീർ ഭാഗത്ത് 400 കി.മീ വീതി കിഴക്ക് അരുണാചൽ പ്രദേശിൽ 150 കി.മീ വീതി

❋ 5 ലക്ഷം ച.കി.മീ. വിസ്തൃതി.

❋ 3 നിരകൾ

❋ ഹിമാദ്രി, ഹിമാചൽ, സിവാലിക്

❋ ഉയരമനുസരിച്ച് വ്യത്യസ്ത സസ്യജാലങ്ങൾ

❋ ഓക്, ചെസ്നട്ട്, മേപ്പിൾ മുതൽ ദേവദാരു, സ്തൂപികാഗ്ര വൃക്ഷങ്ങൾ വരെ കാണപ്പെടുന്നു.

### a. **ഹിമാദ്രി**

❋ ഹിമാലയത്തിലെ ഏറ്റവും ഉയരംകൂടിയ നിര

❋ ശരാശരി ഉയരം 6000 മീറ്റർ

❋ ഗംഗ, യമുന തുടങ്ങിയ നദികളുടെ ഉത്ഭവസ്ഥാനം

❋ 8000 മീറ്ററിന് മുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ (കാഞ്ചൻജംഗ, നന്ദാദേവി, മുതലായവ)

B. **ഹിമാചൽ**

❋ ഹിമാദ്രിയുടെ തെക്കുഭാഗത്ത്

❋ ശരാശരി ഉയരം 3000 മീറ്റർ

❋ ഷിംല, ഡാർജിലിംഗ് തുടങ്ങിയ സുഖവാസ കേന്ദ്രങ്ങൾ ഈ നിരയുടെ തെക്കേ ചരുവിൽ സ്ഥിതി ചെയ്യുന്നു.

C. **സിവാലിക്**

❋ ഹിമാചലിന് തെക്ക്

❋ ശരാശരി ഉയരം 1220 മീറ്റർ

❋ ഹിമാലയൻ നദികൾ ഈ നിരയെ മുറിച്ചുകൊണ്ട് ഒഴുകുന്നതിനാൽ പലയിടങ്ങളിലും തുടർച്ച നഷ്ടപ്പെടുന്നു.

❋ ഡൂണുകൾ എന്നറിയപ്പെടുന്ന നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്നു.

iii **കിഴക്കൻ മലനിരകൾ**

❋ സമുദ്രനിരപ്പിൽ നിന്നും 500 മീറ്റർ മുതൽ 3000 മീറ്റർ വരെ ഉയരം

❋ പൂർവ്വാചൽ എന്നും അറിയപ്പെടുന്നു.

❋ ലോകത്തിലേറ്റവും കൂടുതൽ മഴ ലഭിക്കുന്ന ചിറാപുഞ്ചി ഇവിടെയാണ്.

❋ നിബിഡമായ ഉഷ്ണമേഖലാ മഴക്കാടുകൾ കാണപ്പെടുന്നു.

**3. ലഡാക്ക്, ട്രാൻസ് ഹിമാലയത്തിന്റെ ഭാഗമാണ് ? മറ്റു രണ്ടു ഭാഗങ്ങൾ ഏവ ?**

❋ സസ്കർ, കാറക്കോറം

**4. ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി**

❋ ഗോഡ്വിൻ ഓസ്റ്റിൻ അഥവ മൗണ്ട് K2

**5. ഹിമാലയത്തിന്റെ ഭൂമിശാസ്ത്രസവിശേഷതകളെക്കുറിച്ച് ലഘുകുറിപ്പെഴുതുക.**

❋ 2400 കി.മി. നീളം

❋ 150 മുതൽ 400 കി.മീ. വരെ വീതി

❋ 5 ലക്ഷം ച.കീ.മീ. വിസ്തീർണ്ണം

❋ 3 പർവ്വതനിരകൾ (ഹിമാദ്രി, ഹിമാചൽ, സിവാലിക്)

**6. ഹിമാലയത്തിലെ ഏറ്റവും ഉയരമുള്ള പർവ്വത നിര ?**

❋ ഹിമാദ്രി

**7. സിവാലിക് നിരകളിലെ താഴ്വരകളാണ് ഡൂണുകൾ. ഒരു ഉദാഹരണമെഴുതുക ?**

❋ ഡെറാഡൂൺ

**8. സിവാലിക് നിരകൾക്ക് പലയിടത്തും തുടർച്ച നഷ്ടപ്പെടാനുള്ള കാരണം എന്ത് ?**

❋ ഹിമാലയൻ നദികൾ ഈ പർവ്വത നിരയെ മുറിച്ചുകൊണ്ട് ഒഴുകുന്നതിനാൽ

**9. ഷിംല, ഡാർജിലിംഗ് തുടങ്ങിയ സുഖവാസ കേന്ദ്രങ്ങൾ ഏതു പർവ്വതനിരയിൽ സ്ഥിതി ചെയ്യുന്നു.**

❋ ഹിമാചൽ

**10. ഹിമാലയനിരകളിൽ കാണപ്പെടുന്ന പ്രധാന സസ്യജാലങ്ങൾ ഏതെല്ലാം ?**

❋ ഓക്, ചെസ്നട്ട്, മേപ്പിൾ എന്നിവ സമുദ്രനിരപ്പിൽ നിന്ന് 1000 മുതൽ 2000 മീ. വരെ ഉയരത്തിൽ

❋ 2000 മീ. ഉയരത്തിനുമുകളിൽ ദേവദാരു, സ്പ്രൂസ് എന്നിവ

**11. ലോകത്തിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന സ്ഥലം ?**

❋ ചിറാപുഞ്ചി

**12. ഉത്തരപർവ്വത മേഖലയിലുടനീളം ഏറ്റവുമധികം കാണപ്പെടുന്ന മണ്ണിനം ഏത് ?**

❋ പർവ്വത മണ്ണ്

❋ ഇരുണ്ടതവിട്ടു നിറത്തിലോ കറുത്ത നിറത്തിലോ ഉള്ള ഫലപുഷ്ടിയുള്ള മണ്ണ്.

**13. ഇന്ത്യയുടെ കാലാവസ്ഥ, ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തരപർവ്വതമേഖല ചെലുത്തുന്ന സ്വാധീനം വിശദീകരിക്കുക.**

**അല്ലെങ്കിൽ**

**ഇന്ത്യയിലെ ജനങ്ങളുടെ ജീവിതത്തിൽ ഹിമാലയം ചെലുത്തുന്ന സ്വാധീനം വിവരിക്കുക**

**അല്ലെങ്കിൽ**

**ഹിമാലയൻ പർവ്വതനിരകൾ പ്രകൃതിദത്തമായ കോട്ട എന്നാണറിയപ്പെടുന്നത്. പ്രസ്താവന സാധൂകരിക്കുക**

❋ ഇന്ത്യയുടെ വടക്കുഭാഗത്ത് ഒരു വൻമതിൽ പോലെ നീണ്ടു കിടക്കുന്നു.

❋ വൈദേശികാക്രമണങ്ങളിൽ നിന്നും സംരക്ഷിക്കുന്നു.

❋ ശൈത്യകാലത്ത് വടക്കുനിന്നും വീശുന്ന ശീതക്കാറ്റിനെ ഇന്ത്യയിലേക്ക് കടക്കാതെ തടയുന്നു.

❋ വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണമായി.

❋ നദികളുടെ ഉത്ഭവ പ്രദേശം

❋ നദികൾക്ക് ജലസമ്പത്ത് നൽകുന്നു.

**14. ഹിമാലയൻ നദികളുടെ ജലസ്രോതസ്സുകൾ ഏതെല്ലാം ?**

❋ മഞ്ഞ് പാളികൾ ഉരുകിയും മഴയിൽ നിന്നും

**15. ടിബറ്റിലെ മാനസസരോവർ തടാകത്തിൽ നിന്നുൽഭവിക്കുന്ന ഹിമാലയൻ നദി.**

❋ സിന്ധു

**16. ഗംഗോത്രി ഹിമാനിയിലെ ഗോമുഖ് ഗുഹയിൽ നിന്നാരംഭിക്കുന്ന ഹിമാലയൻ നദി.**

❋ ഗംഗ

**17. താഴെ കൊടുത്തിരിക്കുന്ന പട്ടിക പൂർത്തിയാക്കുക**

| നദി | ഉത്ഭവസ്ഥാനം | നീളം | പോഷക നദികൾ | ഒഴുകുന്ന സംസ്ഥാനങ്ങൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|---|---|
| 1............. | ടിബറ്റിലെ മാനസ സരോവർ | 2280 കി.മീ. (ഇന്ത്യയിലൂടെ 709 കി.മീ.) | ഝലം<br>ചിനാബ്<br>രവി<br>സത്‌ലജ്<br>ബിയാസ് | ജമ്മുകാശ്മീർ<br>ഹിമാചൽപ്രദേശ്<br>പഞ്ചാബ് | a) |
| 2............. | ഗംഗോത്രി ഹിമാനിയിലെ ഗോമുഖ് ഗുഹ | 2500 കി.മീ. | യമുന<br>സോൺ<br>കോസി<br>ഗാണ്ഡക്<br>ഘാഘ്ര | ഉത്തരാഞ്ചൽ<br>ഉത്തർപ്രദേശ്<br>രാജസ്ഥാൻ<br>മധ്യപ്രദേശ്<br>ബീഹാർ<br>പശ്ചിമബംഗാൾ<br>ഛത്തീസ്ഗഡ്<br>ഝാർഖണ്ഡ് | b) |
| 3............. | തിബറ്റിലെ ചെമ-യുങ്-തുങ് | 2900 കി.മീ. (ഇന്ത്യയിലൂടെ 725 കി.മീ.) | തിസ്ത<br>മാനസ്<br>ലുഹിത്<br>സുവാൻസിരി | അരുണാചൽപ്രദേശ്<br>ആസ്സാം<br>സിക്കിം<br>പശ്ചിമബംഗാൾ | b) |

- ❋ സിന്ധു a) അറബിക്കടൽ
- ❋ ഗംഗ b) ബംഗാൾ ഉൾക്കടൽ
- ❋ ബ്രഹ്മപുത്ര c) ബംഗാൾ ഉൾക്കടൽ

**18. ടിബറ്റിൽ സാങ്ങ്പോ എന്ന് അറിയപ്പെടുന്ന ഹിമാലയൻ നദി ഏത് ? ഇതിന്റെ ഉൽഭവസ്ഥാനം ഏത്?**

- ❋ ബ്രഹ്മപുത്ര - ടിബറ്റിലെ ചെമ - യുങ് - തുങ് ഹിമാനി

**19. ഉപദ്വീപീയ പീഠഭൂമിയുടെ സവിശേഷതകളെന്തൊക്കെ ? കുറിപ്പുതയ്യാറാക്കുക**

- ❋ ഏറ്റവും വിസ്തൃതവും പഴക്കം ചെന്നതുമായ ഭൂവിഭാഗം.
- ❋ ഉറപ്പേറിയ ശിലകൾ
- ❋ ധാതുക്കളുടെ കലവറ
- ❋ 15 ലക്ഷം ച.കി.മീ. വിസ്തൃതി
- ❋ പർവ്വതങ്ങൾ, പീഠഭൂമികൾ, താഴ്‌വരകൾ എന്നിങ്ങനെയുള്ള ഭൂപ്രകൃതി
- ❋ കാലികമായി മാത്രം മഴ ലഭിക്കുന്നു.
- ❋ ഉഷ്ണമേഖലാമഴക്കാടുകളും, ഉഷ്ണമേഖലാ ഇലപൊഴിയും കാടുകളും നൈസർഗ്ഗിക സസ്യജാലങ്ങൾ.
- ❋ ഉപദ്വീപീയ പീഠഭൂമിയുടെ തെക്കുഭാഗമായ ഡക്കാൻപീഠഭൂമിയുടെ മിക്കപ്രദേശങ്ങളും ലാവ തണുത്തുറച്ചുണ്ടായ ബസാൾട്ട് ശിലകളാൽ നിർമ്മിതമാണ്.
- ❋ ലാവ പൊടിഞ്ഞുണ്ടായ കറുത്ത മണ്ണ് കാണപ്പെടുന്നു.
- ❋ ഡക്കാൻ പീഠഭൂമിയിലെ കറുത്തമണ്ണ് പരുത്തികൃഷിക്കനുയോജ്യം
- ❋ ഫലപുഷ്ടി കുറവായ ചെമ്മണ്ണും ധാരാളമായി കാണപ്പെടുന്നു.
- ❋ ചെമ്മണ്ണിൽ കലർന്ന ഇരുമ്പിന്റെ അംശമാണ് ഈ മണ്ണിന് ചുവപ്പുനിറം നൽകിയത്.
- ❋ മൺസൂൺ മഴയും വേനലും മാറി മാറി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ലാറ്ററൈറ്റ് മണ്ണ് കാണപ്പെടുന്നു.
- ❋ അനേകം നദികളുടെ ഉത്ഭവപ്രദേശമാണ് ഉപദ്വീപീയ പീഠഭൂമി

❋ ഉപദ്വീപീയ പീഠഭൂമിയിലൂടെ ഒഴുകുന്ന നദികളുടെ ജലസമ്പത്ത് മഴയെ ആശ്രയിച്ചാണ്. വേനൽക്കാലത്ത് വെള്ളം തീരെ കുറവായിരിക്കും.

❋ ഉപദ്വീപീയ നദികളുടെ ഉത്ഭവസ്ഥാനമാണ് ഉപദ്വീപീയ പീഠഭൂമി.

❋ ആരവല്ലി, വിന്ധ്യ, സാത്പുര, പശ്ചിമഘട്ടം, പൂർവ്വഘട്ടം, കച്ച്, കത്തിയവാർ, മാൾവപീഠഭൂമി, ഡക്കാൻപീഠഭൂമി, ഛോട്ടാനാഗ്പൂർ എന്നിവ ഉപദ്വീപീയ പീഠഭൂമിയിൽ ഉൾപ്പെടുന്നു.

**20. ഉപദ്വീപീയ ഇന്ത്യയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ?**

❋ ആനമുടി (2695 മീ.)

**21. 'ധാതുക്കളുടെ കലവറ' എന്നറിയപ്പെടുന്ന ഇന്ത്യയിലെ ഭൂവിഭാഗമേത് ?**

❋ ഉപദ്വീപിയ പീഠഭൂമി

**22. പരുത്തികൃഷിക്ക് അനുയോജ്യമായ മണ്ണിനം ?**

❋ കറുത്ത മണ്ണ്

**23. ലാറ്ററൈറ്റ് മണ്ണ് രൂപപ്പെടാനുള്ള കാലാവസ്ഥാ സാഹചര്യമെന്ത് ?**

❋ മൺസൂൺ മഴയും ഇടവിട്ടുള്ള വേനൽക്കാലവും

**24. ശബരി പോഷക നദിയായിട്ടുള്ള ഉപദ്വീപിയ നദിയേത് ?**

❋ ഗോദാവരി

**25. ഉപദ്വീപീയ നദികൾ അവയുടെ ഉത്ഭവസ്ഥാനം പ്രധാനപോഷകനദികൾ ചെന്നുചേരുന്ന കടൽ ഇവ പട്ടികപ്പെടുത്തി എഴുതുക.**

| നദി | ഉത്ഭവസ്ഥാനം | പ്രധാന പോഷകനദികൾ | ചെന്നു ചേരുന്ന കടൽ |
|---|---|---|---|
| 1. കാവേരി | ബ്രഹ്മഗിരി കുന്നുകൾ | കബനി, അമരാവതി | ബംഗാൾ ഉൾക്കടൽ |
| 2. കൃഷ്ണ | മഹാബലേശ്വർ | ഭീമ, തുംഗഭദ്ര | ബംഗാൾ ഉൾക്കടൽ |
| 3. ഗോദാവരി | നാസിക് ജില്ല (പശ്ചിമഘട്ടം) | ഇന്ദ്രാവതി, ശബരി | ബംഗാൾ ഉൾക്കടൽ |
| 4. മഹാനദി | മൈക്കേലാ നിരകൾ | ഇബ്, ടെൽ | ബംഗാൾ ഉൾക്കടൽ |
| 5. നർമ്മദ | മൈക്കേലാ നിരകൾ | ഹിരൺ, ബൻജൻ | അറബിക്കടൽ |
| 6. താപ്തി | മുൻതായ് പീഠഭൂമി | ആനർ, ഗിർന | അറബിക്കടൽ |

**26. കബനി, അമരാവതി എന്നിവ ഏത് നദിയുടെ പോഷകനദികളാണ് ?**

❋ കാവേരി

**27. ഇന്ത്യയിലെ ഏറ്റവും ഉയരമുള്ള വെള്ളച്ചാട്ടമായ ജോഗ്ഫാൾസ് ഏത് സംസ്ഥാനത്താണ് ?**

❋ കർണാടക

**28. ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും സവിശേഷതകൾ താരതമ്യം ചെയ്യുക.**

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ❋ ഹിമാലയ പർവ്വതനിരകളിൽ നിന്നുത്ഭവിക്കുന്നു<br>❋ അതിവിസ്തൃതമായ വൃഷ്ടിപ്രദേശം<br>❋ അതിശക്തമായ അപരദന തീവ്രത<br>❋ പർവ്വതമേഖലകളിൽ ഗിരികന്ദരങ്ങൾ സൃഷ്ടിക്കുകയും സമതലങ്ങളിൽ വളഞ്ഞു പുളഞ്ഞു ഒഴുകുകയും ചെയ്യുന്നു.<br>❋ ഉയർന്ന ജലസേചനശേഷി<br>❋ സമതലപ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത കൂടുതൽ | ❋ ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്നും ഉത്ഭവിക്കുന്നു.<br>❋ താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടി പ്രദേശം<br>❋ അപരദന തീവ്രത താരതമ്യേന കുറവ്<br>❋ കാഠിന്യമേറിയ ശിലകളിലൂടെ ഒഴുകുന്നതിനാൽ അഗാധ താഴ്വരകൾ സൃഷ്ടിക്കപ്പെടുന്നില്ല.<br>❋ കുറഞ്ഞ ജലസേചനശേഷി<br>❋ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ് |

**29. 'റാൻ ഓഫ് കച്ച്' മുതൽ കന്യാകുമാരി വരെ വ്യാപിച്ചിരിക്കുന്ന തീരസമതലം ഏതു പേരിൽ അറിയപ്പെടുന്നു.**

❋ പടിഞ്ഞാറൻ തീരസമതലം

**30. ഇന്ത്യയുടെ പടിഞ്ഞാറൻ തീരസമതലത്തിന്റെയും കിഴക്കൻ തീരസമതലത്തിന്റെയും സവിശേഷതകൾ പട്ടികപ്പെടുത്തുക**

**അല്ലെങ്കിൽ**

**ഇന്ത്യയുടെ തീരസമതലങ്ങളെ താരതമ്യം ചെയ്യുക**

❋ ഇന്ത്യയുടെ തീരസമതലങ്ങളെ രണ്ടായി തിരിച്ചിരിക്കുന്നു.

**പടിഞ്ഞാറൻതീരസമതലം, കിഴക്കൻതീരസമതലം**

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| ❋ റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ<br>❋ അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ<br>❋ താരതമ്യേന വീതികുറവ്<br>❋ ഗുജറാത്ത് തീരസമതലം, കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ മൂന്നായി തിരിക്കാം<br>❋ കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു. | ❋ സുന്ദരവനം മുതൽ കന്യാകുമാരി വരെ<br>❋ ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനുമിടയിൽ<br>❋ താരതമ്യേന വീതി കൂടുതൽ<br>❋ കോറമണ്ഡൽ തീരസമതലം, വടക്കൻ സിർക്കാർസ് തീരസമതലം എന്നിങ്ങനെ രണ്ടായി തിരിക്കാം.<br>❋ ഡൽറ്റ രൂപീകരണം നടക്കുന്നു. |

**31. ഉചിതമായി ക്രമപ്പെടുത്തുക.**

| | | |
|---|---|---|
| ❋ പടിഞ്ഞാറൻ തീരസമതലം | 1) | ഹിരൺ |
| ❋ വടക്കൻ സിർക്കാസ് | 2) | ചെമ-യുങ്-തുങ് ഹിമാനി |
| ❋ നർമ്മദ | 3) | കൃഷ്ണ |
| ❋ തുംഗഭദ്ര | 4) | കായൽ |
| ❋ ബ്രഹ്മപുത്ര | 5) | കിഴക്കൻ തീരസമതലം |

| | | |
|---|---|---|
| *❋ പടിഞ്ഞാറൻ തീരസമതലം* | *1)* | *കായൽ* |
| *❋ വടക്കൻ സിർക്കാസ്* | *2)* | *കിഴക്കൻ തീരസമതലം* |
| *❋ നർമ്മദ* | *3)* | *ഹിരൺ* |
| *❋ തുംഗഭദ്ര* | *4)* | *കൃഷ്ണ* |

❋ ബ്രഹ്മപുത്ര 5) ചെമ-യുങ്-തുങ് ഹിമാനി

**32. ഇന്ത്യയിലെ ഏറ്റവും വിസ്തൃതവും പഴക്കം ചെന്നതുമായ ഭൂവിഭാഗം ഏത് ?**

❋ ഉപദ്വീപിയ പീഠഭൂമി (ഏകദേശം 15 ലക്ഷം ച.കി.മി.)

**33. ഉപദ്വീപിയ പീഠഭൂമിയിലെ സസ്യജാലങ്ങളെക്കുറിച്ച് ലഘുകുറിപ്പെഴുതുക.**

❋ ഉഷ്ണ മേഖല ഇലപൊഴിയും കാടുകൾ - തേക്ക്, ചന്ദനം, സാൽ, മുള

❋ ഉഷ്ണ മേഖലാ മഴക്കാടുകൾ - പശ്ചിമഘട്ടത്തിന്റെ പടിഞ്ഞാറെ ചെരുവിൽ

**34. ഉപദ്വീപീയ പീഠഭൂമിയുടെ ഭാഗമായ ഡക്കാൻ പീഠഭൂമിയിൽ കറുത്തമണ്ണ് രൂപപ്പെടാനിടയായ സാഹചര്യം എന്ത് ?**

❋ അനേക ദശലക്ഷം വർഷങ്ങൾക്ക് മുൻപ് ലാവ തണുത്തുറഞ്ഞ് രൂപപ്പെട്ട പീഠഭൂമി.

❋ ബസാൾട്ട് എന്ന ആഗ്നേയശില പൊടിഞ്ഞ് രൂപപ്പെട്ടതാണ് കറുത്തമണ്ണ്.

❋ പരുത്തികൃഷിക്ക് അനുയോജ്യമായതിനാൽ കറുത്ത പരുത്തിമണ്ണ് എന്നും ഇതറിയപ്പെടുന്നു.

**35. താഴെ കൊടുത്തിരിക്കുന്ന നദികളെ പടിഞ്ഞാറോട്ട് ഒഴുകുന്നവ, കിഴക്കോട്ട് ഒഴുകുന്നവ എന്നിങ്ങനെ പട്ടികപ്പെടുത്തുക.**

കാവേരി, കൃഷ്ണ, ഗോദാവരി, മഹാനദി, നർമ്മദ, താപ്തി, സിന്ധു, ഗംഗ, ബ്രഹ്മപുത്ര

| പടിഞ്ഞാറോട്ട് ഒഴുകുന്നവ | കിഴക്കോട്ട് ഒഴുകുന്നവ |
|---|---|
| ❋ നർമ്മദ<br>❋ താപ്തി<br>❋ സിന്ധു | ❋ ഗംഗ<br>❋ ബ്രഹ്മപുത്ര<br>❋ കാവേരി<br>❋ കൃഷ്ണ<br>❋ ഗോദാവരി<br>❋ മഹാനദി |

**36. ഇന്ത്യയുടെ കിഴക്കൻ തീരപ്രദേശത്ത് ഡൽറ്റകൾ രൂപം കൊളളുന്നു. എന്നാൽ പടിഞ്ഞാറൻ തീരത്ത് ഡൽറ്റകൾ രൂപം കൊളളുന്നില്ല. കാരണമെന്ത് ?**

❋ കിഴക്കോട്ട് ഒഴുകുന്ന നദികൾ താരതമ്യേന ചെരിവു കുറഞ്ഞ ഭൂപ്രദേശത്തു കൂടി ഒഴുകുന്നു.

❋ പടിഞ്ഞാറോട്ട് ഒഴുകുന്ന നദികൾ താരതമ്യേന ചെരിവുകൂടിയ (കുത്തനെയുളള) ഭൂപ്രദേശത്തുകൂടി ഒഴുകുന്നു.

**37. ഹിമാലയൻ നദികൾ ഗിരികന്ദരങ്ങൾ സൃഷ്ടിക്കുമ്പോൾ ഉപദ്വീപീയ നദികൾ വെളളച്ചാട്ടങ്ങൾ സൃഷ്ടിക്കുന്നു. കാരണം കണ്ടെത്തുക.**

❋ ഹിമാലയൻ നദികൾ ഒഴുകുന്ന പ്രദേശങ്ങളിലെ ശിലകൾക്ക് താരതമ്യേന കാഠിന്യം കുറവാണ്.

❋ ഉപദ്വീപീയ നദികൾ ഒഴുകുന്ന പ്രദേശങ്ങളിലെ ശിലകൾക്ക് കാഠിന്യം കൂടുതലാണ്.

❋ ഉപദ്വീപീയ നദികൾ ഒഴുകുന്ന ഉപദ്വീപീയ പീഠഭൂമിയുടെ അരികുകൾ കുത്തനെ ഉയർന്നു നിൽക്കുന്നതിനാൽ വെളളച്ചാട്ടങ്ങൾ സൃഷ്ടിക്കുന്നു.

**38. ഉപദ്വീപിയ പീഠഭൂമിയിലെ മണ്ണിനങ്ങൾ, സവിശേഷതകൾ എന്നിവ പട്ടികപ്പെടുത്തുക.**

| | | |
|---|---|---|
| കറുത്തമണ്ണ് | ഉപദ്വീപീയ പീഠഭൂമി | ♦ ബസാൾട്ട് പൊടിഞ്ഞത്<br>♦ ഫലപൂഷ്ടി കൂടുതൽ<br>♦ പരുത്തി കൃഷി |
| ചെമ്മണ്ണ് | ഉപദ്വീപീയ പീഠഭൂമി | ♦ താരതമ്യേന ഫലപൂഷ്ടി കുറവ്<br>♦ ഇരുമ്പിന്റെ അംശം ചുവപ്പ് നിറം നൽകുന്നു |
| ലാറ്ററൈറ്റ് | ഉപദ്വീപീയ പീഠഭൂമി | ♦ ഫലപൂഷ്ടി തീരെ കുറവ്<br>♦ മൺസൂൺ കാലാവസ്ഥ മേഖലകളിൽ രൂപംകൊള്ളുന്നു. |

## യൂണിറ്റ് – 6

# പൊതുഭരണം

## പാഠസംഗ്രഹം

- ❖ രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യ വിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണമെന്നു പറയുന്നു.
- ❖ രാജ ഭരണത്തിൽ രാജാവിന്റെ താല്പര്യങ്ങൾക്കു മുൻതൂക്കം ലഭിക്കുന്നു. ജനാധിപത്യത്തിൽ ജനങ്ങളുടെ താല്പര്യം പരിഗണിക്കപ്പെടുന്നു. രാജഭരണത്തിൽ രാജാവിന്റെ തീരുമാനം നടപ്പിലാക്കുന്നു. ജനാധിപത്യത്തിൽ ജനാഭിലാഷത്തിനനുസരിച്ച് ഭരണനടപടികൾ സ്വീകരിക്കുന്നു.
- ❖ പൊതുഭരണത്തിന്റെ പ്രധാന്യം
    - ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
    - സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
    - ജനകീയ പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നു
    - ജനക്ഷേമം ഉറപ്പാക്കുന്നു.
- ❖ പൊതു ഭരണത്തിൽ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ പ്രസക്തി
    - ഭരണ നിർവ്വഹണത്തിൽ ജനപ്രതിനിധികളെയും മന്ത്രിമാരേയും സഹായിക്കുന്നു, ഉപദേശിക്കുന്നു. പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.
    - പ്രാദേശിക തലം മുതൽ കേന്ദ്രതലം വരെ വ്യാപിച്ചിരിക്കുന്നു.
    - ഭരണത്തിലെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്നു.
    - ഗവൺമെന്റിന്റെ എല്ലാ സേവനങ്ങളും ജനങ്ങളിലേക്കെത്തിക്കുന്നു.
- ❖ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ
    - ശ്രേണീപരമായ സംഘാടനം
    - നിശ്ചിത പ്രായം വരെ സേവന കാലം
    - വിദ്യാഭ്യാസ യോഗ്യതയെ അടിസ്ഥാനമാക്കി തിരഞ്ഞെടുക്കുന്നു, നിയമിക്കുന്നു.
    - നിക്ഷപക്ഷമായി പ്രവർത്തിക്കുന്നു
    - തൊഴിൽ വൈദഗ്ധ്യം ഉള്ളവരായിരിക്കണം.
- ❖ ഇന്ത്യൻ സിവിൽ സർവ്വീസിന്റെ പ്രാധാന്യം
    - കേന്ദ്ര സസ്ഥാന ഗവൺമെന്റ് ഓഫീസുകളിൽ നിയമിക്കപ്പെടുന്ന മുഴുവൻ ഉദ്യോഗസ്ഥരും ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഭാഗമാണ്.
    - പുരാതന കാലം മുതൽ ഇന്ത്യയിൽ പൊതുഭരണ സംവിധാനം നിലവിലിരുന്നു.
    - ആധുനിക രീതിയിലുള്ള പൊതുഭരണ രീതി നിലവിൽ വന്നത് ബ്രിട്ടീഷ് ഭരണകാലത്താണ്.
    - സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ സിവിൽ സർവ്വീസ് നിലവിൽ വന്നു.
    - അഖിലേന്ത്യാ സർവ്വീസ്, കേന്ദ്ര സർവ്വീസ്, സ്റ്റേറ്റ് സർവ്വീസ് എന്നിവ ഉൾപ്പെടുന്നതാണ് ഇന്ത്യൻ സിവിൽ സർവ്വീസ്

### ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഘടന

**അഖിലേന്ത്യാ സർവ്വീസ്**

- ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു.
- കേന്ദ്ര സർവ്വീസിലോ സംസ്ഥാന സർവ്വീസിലോ നിയമിക്കപ്പെടുന്നു. ഉദാ. ഐ.എ.എസ്, ഐ.പി.എസ്.

**കേന്ദ്ര സർവ്വീസ്**

- ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു

- കേന്ദ്രഗവൺമെന്റിനു മാത്രം അധികാരമുള്ള വകുപ്പുകളിൽ നിയമിക്കപ്പെടുന്നു
  ഉദാ. ഇന്ത്യൻ ഫോറിൻ സർവ്വീസ്, ഇന്ത്യൻ റെയിൽവേ സർവ്വീസ്

സംസ്ഥാന സർവ്വീസ്

- സംസ്ഥാന തലത്തിൽ തിരഞ്ഞെടുക്കുന്നു.
- സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു
  ഉദാ. സെയിൽടാക്സ് ഓഫീസർ

❖ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്ന രീതി
- കേന്ദ്ര സർവ്വീസിലേക്കും അഖിലേന്ത്യാ സർവ്വീസിലേക്കും ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നത് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനാണ്. (യു.പി.എസ്.സി)
- സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് സംസ്ഥാനങ്ങളിലെ പബ്ലിക് സർവ്വീസ് കമ്മീഷനാണ്. (പി.എസ്.സി.)

❖ പൊതുഭരണത്തിന്റെ പ്രശ്നങ്ങൾ
- കൈക്കൂലി
- കാര്യക്ഷമതയില്ലായ്മ
- അനാവശ്യ ഇടപെടലുകൾ
- ഉദ്യോഗസ്ഥ അലംഭാവം
- കാലതാമസം

❖ ഭരണ നവീകരണം
- ഭരണ നിർവ്വഹണത്തിന്റെ കാര്യക്ഷമത കൂട്ടാനും സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കാനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പരിപാടികളാണ് ഭരണ നവീകരണം. അതിന്റെ ഭാഗമാണ് ഇ-ഗവേണൻസ്.

❖ ഇ - ഗവേണൻസിന്റെ നേട്ടങ്ങൾ
- സേവനത്തിനായി സർക്കാർ ഓഫീസുകളിൽ കാത്തു നിൽക്കേണ്ടതില്ല.
- വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം
- സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.
- ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർദ്ധിക്കുന്നു.
- കാലതാമസം ഒഴിവാക്കുന്നു.

## യൂണിറ്റ് - 6

# പൊതുഭരണം

**താഴെ പറയുന്ന ചോദ്യങ്ങൾ വിശകലനം ചെയ്ത് ഉത്തരങ്ങൾ കണ്ടെത്തുക.**

**(ആവശ്യമെങ്കിൽ ഉത്തര സൂചിക പരിശോധിക്കുക.)**

1. പൊതുഭരണം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
   ▸ രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പിലാക്കുന്നതിന് ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണം എന്നു പറയുന്നു.

2. പൊതുഭരണത്തെകുറിപ്പ് പാശ്ചാത്യചിന്തകനായ ഗ്ലാഡന്റെ നിർവ്വചനമെന്ത് ?

അഥവ


"പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്" - പൊതു ഭരണത്തെക്കുറിച്ച് ഈ നിർവചനം ആരുടേതാണ്.

- ഗ്ലാഡൻ

3. രാജഭരണം, ജനാധിപത്യം തുടങ്ങിയ ഭരണരീതികളിൽ പൊതുഭരണസംവിധാനത്തിന്റെ ലക്ഷ്യങ്ങളും അവയിൽ വന്ന മാറ്റങ്ങളും ചർച്ചചെയ്ത് പട്ടികപ്പെടുത്തുക

| രാജ ഭരണം | ജനാധിപത്യം |
|---|---|
| രാജാവിന്റെ താൽപര്യങ്ങൾക്ക് മുൻതൂക്കം | ജനങ്ങളുടെ താത്പര്യം പരിഗണിക്കുന്നു. |
| രാജാവിന്റെ തീരുമാനങ്ങൾ നടപ്പാക്കുന്നു. | ജനാഭിലാഷത്തിനനുസരിച്ച് ഭരണ നടപടികൾ |

4. പൊതു ഭരണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന പദസൂര്യൻ പൂർത്തിയാക്കുക




A. ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.
B. സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു.
C. ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു.

5. ഗാന്ധിജിയുടെ ഏത് ആശയമാണ് ഇന്ത്യയിലെ പൊതുഭരണ കാഴ്ചപാടിനെ കൂടുതൽ സ്വാധീനിച്ചത് ?
- ഗ്രാമസ്വരാജ്

6. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ ഏവ ?
- ശ്രേണിപരമായ സംഘാടനം
- സ്ഥിരത
- യോഗ്യത
- രാഷ്ട്രീയ നിഷ്പക്ഷത
- വൈദഗ്ധ്യം

7. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ ശ്രേണീപരമായ സംഘാടനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?
- ഏറ്റവും ഉയർന്നതലത്തിൽ ഒരു ഉദ്യോഗസ്ഥനും താഴെ തലങ്ങളിലേക്ക് വരുംതോറും കൂടുതൽ ഉദ്യോഗസ്ഥരും ഉൾക്കൊള്ളുന്ന രീതി.

8. ഇന്ത്യയിലെ ഉദ്യോഗസ്ഥ വൃന്ദത്തിന്റെ (സിവിൽ സർവ്വീസ്) പ്രാധാന്യം വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.
- കേന്ദ്ര - സംസ്ഥാന ഗവൺമെന്റ് ഓഫീസുകളിൽ നിയമിക്കപ്പെടുന്ന മുഴുവൻ ഉദ്യോഗസ്ഥരും ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഭാഗമാണ്.
- പുരാതന കാലം മുതൽ ഇന്ത്യയിൽ പൊതുഭരണ സംവിധാനം നിലവിലിരുന്നു.
- ആധുനിക രീതിയിലുള്ള പൊതുഭരണ രീതി നിലവിൽ വന്നത് ബ്രിട്ടീഷ് ഭരണകാലത്താണ്.
- സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ സിവിൽ സർവ്വീസ് നിലവിൽ വന്നു.
- അഖിലേന്ത്യാ സർവ്വീസ്, കേന്ദ്രസർവ്വീസ്, സംസ്ഥാന സർവ്വീസ് എന്നിവ ഉൾപ്പെടുന്നതാണ് ഇന്ത്യൻ സിവിൽ സർവ്വീസ്.

9 ഇന്ത്യൻ സിവിൽ സർവ്വീസിന്റെ ഘടനയെ അടിസ്ഥാനമാക്കി ഫ്ളോചാർട്ട് പൂർത്തീകരിക്കുക

OR

ഇന്ത്യൻ സിവിൽ സർവ്വീസിന്റെ വർഗ്ഗീകരണത്തെ അടിസ്ഥാനമാക്കി ഫ്ളോചാർട്ട് പൂർത്തിയാക്കുക

ഇന്ത്യൻ സിവിൽ സർവ്വീസ്

- A. അഖിലേന്ത്യാ സർവ്വീസ്
  - ▸
  - ▸
  - ഉദാഹരണം
  - ▸
  - ▸
- B. കേന്ദ്ര സർവ്വീസ്
  - ▸
  - ▸
  - ഉദാഹരണം
  - ▸
  - ▸
- C. സംസ്ഥാന സർവ്വീസ്
  - ▸
  - ▸
  - ഉദാഹരണം
  - ▸
  - ▸

ഉത്തര സൂചിക:-

A. ▸ ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു.
▸ കേന്ദ്ര സർവ്വീസിലോ സംസ്ഥാന സർവ്വീസിലോ നിയമിക്കപ്പെടുന്നു.
ഉദാ. IAS, IPS

▸ ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു
▸ കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
▸ ഇന്ത്യൻ ഫോറിൻ സർവ്വീസ് ഇന്ത്യൻ റെയിൽവേ സർവ്വീസ്

▸ സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു.
▸ സംസ്ഥാന ഗവൺമെന്റിന് കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.
▸ സെയിൽ ടാക്സ് ഓഫീസർ

10. ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്ന രീതി വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക

▸ കേന്ദ്ര സർവീസിലേക്കും അഖിലേന്ത്യാ സർവ്വീസിലേക്കും ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷനാണ്. (യു. പി. എസ്. സി.) കമ്മീഷന്റെ ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.

▸ സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരെ തിരഞ്ഞെടുക്കുന്നത് അതതു സംസ്ഥാനങ്ങളിലെ പബ്ലിക്സർവ്വീസ് കമ്മീഷനാണ് (പി. എസ്. സി.)

▸ ഗവർണറാണ് പി. എസ്. സി. ചെയർമാനെയും അംഗങ്ങളെയും നിയമിക്കുന്നത്.

11. പൊതു ഭരണം നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഏതെല്ലാം?

▸ കൈക്കൂലി
▸ കാര്യക്ഷമതയില്ലായ്മ
▸ അനാവശ്യ ഇടപെടലുകൾ
▸ ഉദ്യോഗസ്ഥ അലംഭാവം
▸ കാലതാമസം

12. ഭരണനവീകരണം എന്നതു കൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?

▸ ഭരണനിർവഹണത്തിന്റെ കാര്യക്ഷമത കൂട്ടാനും സേവനങ്ങൾ സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കാനും ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന പരിപാടികളാണ് ഭരണനവീകരണം

13. "സുതാര്യവും ചുറുചുറുക്കുമുള്ള ഗവൺമെന്റ് പദ്ധതി, എല്ലാവരിലും സുരക്ഷിതമായും വേഗത്തിലും ഡിപ്പാർട്ട് മെന്റ് തലത്തിലുമുള്ള തടസ്സങ്ങളില്ലാതെയും എത്തുന്ന വിവരങ്ങൾ. എല്ലാ പൗരൻമാർക്കും യാതൊരുപക്ഷഭേദവുമില്ലാതെ വ്യക്തമായ സേവനം ലഭ്യമാക്കുന്ന പദ്ധതി"

എ. പി. ജെ. അബ്ദുൽ കലാമിന്റെ ഈ വാക്കുകൾ ഏത് പദ്ധതിയെപ്പറ്റിയാണ്. ഇതുകൊണ്ട് ജനങ്ങൾക്കു ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാം?

ഉത്തര സൂചിക:-

▸ ഇ. ഗവേണൻസ് പദ്ധതി,
▸ ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണ രംഗത്തെ ഉപയോഗം
▸ ഉദാ: ഏകജാലക പ്രവേശനം, സ്കോളർഷിപ്പുകൾ...
▸ സേവനത്തിനായി സർക്കാർ ഓഫീസുകളിൽ കാത്തുനിൽക്കേണ്ടതില്ല
▸ വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം.
▸ സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു.
▸ ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.
▸ കാലതാമസം ഒഴിവാക്കുന്നു.

## യൂണിറ്റ് - 7

## മാനവ വിഭവശേഷി വികസനം - ഇന്ത്യയിൽ

### പാഠസംഗ്രഹം

- ഉല്പാദന രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവവിഭവം.
- വിദ്യാഭ്യാസം, ആരോഗ്യ പരിപാലനം, പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവശേഷി വികസനം എന്നു പറയുന്നു.

മാനവശേഷി വികസനത്തിന്റെ വിവിധതലങ്ങൾ

- വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.
- കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കാൻ സാഹചര്യം ഒരുക്കുന്നു.
- വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം, പരിശീലനം എന്നിവയ്ക്കാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.
- രാഷ്ട്രം ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.

**മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ**

ഗുണപരമായ ഘടകങ്ങൾ

- വിദ്യാഭ്യാസം
- ആരോഗ്യപരിപാലനം
- പരിശീലനങ്ങൾ
- സാമൂഹിക മൂലധനം

- മാനവവിഭവശേഷിമെച്ചപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ
  - തൊഴിലാളികളുടെ ഉല്പാദനക്ഷമത വർധിപ്പിക്കാം.
  - സാമ്പത്തിക അന്തരം കുറയ്ക്കാം.
  - സംരംഭകത്വം മെച്ചപ്പെടുത്താം.
  - പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം.
  - മെച്ചപ്പെട്ട സാങ്കേതിക വിദ്യകളുടെ വികസനവും ഉപയോഗവും സാധ്യമാക്കാം.

വിദ്യാഭ്യാസം

❒ വൈദഗ്ധ്യമുള്ള ജനങ്ങളെ വാർത്തെടുക്കുന്നതിൽ വിദ്യാഭ്യാസത്തിന് പ്രധാന പങ്കുണ്ട്.

- വിദ്യാഭ്യാസം രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നു വിദ്യാഭ്യാസത്തിലൂടെ
  - ❒ വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.
  - ❒ സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു.
  - ❒ മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു.
  - ❒ ജീവിത നിലവാരം ഉയരുന്നു.
- ദേശീയവരുമാനത്തിന്റെ 6 ശതമാനമെങ്കിലും വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിക്കണമെന്നാണ് വിദഗ്ദ്ധാഭിപ്രായം. 2013-14 വർഷത്തിൽ 3.3 ശതമാനമാണ് ഇന്ത്യാ ഗവൺമെന്റ് വിദ്യാഭ്യാസത്തിനുവേണ്ടി ചെലവഴിച്ചത്. അതുകൊണ്ട് ഇന്ത്യയുടെ സാക്ഷരതാനിരക്ക് ഉദ്ദേശിച്ച രീതിയിൽ ഉയർത്താൻ കഴിഞ്ഞിട്ടില്ല.
- ജനസംഖ്യയിൽ 100 പേരിൽ എത്ര പേർക്ക് ആശയം മനസ്സിലാക്കി എഴുതാനും വായിക്കാനും അറിയുന്നു എന്നതാണ് സാക്ഷരതാ നിരക്ക്.

| | | |
|---|---|---|
| സ്ത്രീ സാക്ഷരതാ നിരക്ക് | - | 65.46 |
| പുരുഷ സാക്ഷരതാനിരക്ക് | - | 82.14 |
| ആകെ സാക്ഷരതാ നിരക്ക് | - | 74.04 |

- വിദ്യാഭ്യാസവും നൈപുണിയും മെച്ചപ്പെടുത്തുന്നതിനായി ഇന്ത്യയിൽ നടപ്പിലാക്കുന്ന പദ്ധതികൾ.

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| സംയോജിത ശിശുവികസന സേവന പരിപാടി (ICDS) | • 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം.<br>• ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം. |
| സമഗ്രശിക്ഷാ അഭിയാൻ (SSA) (എസ്.എസ്.എ, ആർ.എം.എസ്.എ പദ്ധതികൾ സംയോജിപ്പിച്ചാണ് സമഗ്രശിക്ഷ അഭിയാന് രൂപം നൽകിയത്) | • സാർവ്വത്രിക വിദ്യാഭ്യാസം ഹയർസെക്കണ്ടറി വരെ ഉറപ്പു വരുത്തുക.<br>• തുല്യതയും ഗുണനിലവാരവും ഉറപ്പു വരുത്തുക.<br>• തൊഴിലധിഷ്ഠിതവിദ്യാഭ്യാസം പരിപോഷിപ്പിക്കുക.<br>• SCERT/DIETതുടങ്ങിയ അധ്യാപകപരിശീലനകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക. |
| രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (RUSA) | • ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക.<br>• ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക. |
| നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം | • യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക.<br>• തൊഴിൽവൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക. |

- വിദ്യാഭ്യാസം മൗലികാവകാശമാക്കിയ രാജ്യമാണ് ഇന്ത്യ.
- 2009 ൽ ഇന്ത്യ വിദ്യാഭ്യാസ അവകാശ നിയമം (RTE) പാസാക്കി.
- 'എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം' എന്ന ലക്ഷ്യം RTE വഴി ഉറപ്പു നൽകുന്നു.

## വിദ്യാഭ്യാസ രംഗത്ത് പരിഹരിക്കേണ്ട പ്രശ്നങ്ങൾ

- ❒ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാലയങ്ങളിൽ നിന്ന് കൊഴിഞ്ഞു പോകുന്നുണ്ട്.
- ❒ വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവുണ്ട്.
- ❒ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്.

## ആരോഗ്യപരിപാലനം

- ശാരീരികവും മാനസികവും സാമൂഹികവും ആയ സുസ്ഥിരതയാണ് ആരോഗ്യം.
- ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നതെങ്ങനെ ?
  - ❒ തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നു.
  - ❒ കാര്യക്ഷമത വർധിക്കുന്നു.
  - ❒ ഉല്പാദനം കൂടുന്നു.
  - ❒ പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാം.
  - ❒ ചികിത്സാച്ചെലവുകൾ കുറയ്ക്കാം. അതുവഴി സർക്കാരിന്റെ സാമ്പത്തികച്ചെലവ് കുറയ്ക്കാം.
  - ❒ ഉല്പാദനവർധനവ് - സാമ്പത്തിക വികസനം.

ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ

- പോഷകാഹാര ലഭ്യത
- ശുദ്ധജല ലഭ്യത
- രോഗപ്രതിരോധ സംവിധാനങ്ങൾ
- ശുചിത്വ പരിപാലനം
- ചികിത്സാ സൗകര്യങ്ങൾ
- വിശ്രമവും വിനോദവും ഉറപ്പുവരുത്തൽ
- ആരോഗ്യകരമായ പരിസ്ഥിതി

ചികിത്സാ രംഗത്ത് പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ

- മെഡിക്കൽ കോളേജുകൾ
- ജില്ലാ ആശുപത്രികൾ
- സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ
- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ
- ആരോഗ്യ ഉപകേന്ദ്രങ്ങൾ

- സഹകരണ മേഖലയിലും സ്വകാര്യമേഖലയിലും നിരവധി ആശുപത്രികൾ പ്രവർത്തിച്ചു വരുന്നു.
- ആധുനിക ചികിത്സാ സൗകര്യം ലഭ്യമാക്കുന്ന നിരവധി മൾട്ടിസ്പെഷ്യാലിറ്റി ആശുപത്രികൾ പ്രവർത്തിച്ചു വരുന്നു.
- ആയുർവ്വേദം, യോഗ, നാച്ചുറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി തുടങ്ങിയ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാണ്.
- ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (NRHM) ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്നു.
- 50,000 ൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരി നിവാസികൾക്കും മറ്റുപാർശ്വവൽക്കരിക്കപ്പെട്ടവർക്കും മെച്ചപ്പെട്ട ആരോഗ്യസേവനങ്ങൾ ദേശീയ നഗര ആരോഗ്യമിഷൻ (NUHM) വഴി ലഭ്യമാക്കുന്നു.
- ശരാശരി എത്ര വയസ്സുവരെ ജീവിച്ചിരിക്കുന്നു എന്നതാണ് ആയൂർദൈർഘ്യം.

# യൂണിറ്റ് : 7

## മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ

**താഴെ പറയുന്ന ചോദ്യങ്ങൾ വിശകലനം ചെയ്ത് ഉത്തരങ്ങൾ കണ്ടെത്തുക.**

**(ആവശ്യമെങ്കിൽ ഉത്തര സൂചിക പരിശോധിക്കുക.)**

1. മാനവ വിഭവം, മാനവ ശേഷി വികസനം എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കി കുറിപ്പു തയ്യാറാക്കുക.

- ഉൽപ്പാദന രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അദ്ധ്വാന ശേഷിയുള്ള ജനങ്ങളാണ് മാനവ വിഭവം
- വിദ്യാഭ്യാസം, ആരോഗ്യപരിപാലനം, പരിശീലനം എന്നിവയിലൂടെ മനുഷ്യന്റെ കായികവും മാനസികവുമായ കഴിവുകൾ വികസിപ്പിക്കുന്നതിനെ മാനവ വിഭവ ശേഷി വികസനം എന്നു പറയുന്നു.

2. മാനവ വിഭവ ശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ ഏതെല്ലാം?

- വ്യക്തികൾ സ്വപരിശ്രമത്തിലൂടെ സ്വന്തം കഴിവുകൾ വികസിപ്പിക്കാൻ ശ്രമിക്കുന്നു.
- കുടുംബം വ്യക്തിയുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കുന്നു.
- വിവിധ സ്ഥാപനങ്ങളും ഏജൻസികളും പഠനം, പരിശീലനം എന്നിവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.

1 രാഷ്ട്രം, ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നു.

3. മാനവ വിഭവത്തിന്റെ ഗുണപരവമായ സവിശേഷതകൾ പട്ടികപ്പെടുത്തുക.

- ഗുണപരമായ സവിശേഷതകൾ
  - * വിദ്യാഭ്യാസം
  - * സാക്ഷരതാ നിരക്ക്
  - * ആരോഗ്യ പരിപാലനം

4. വിദ്യാഭ്യാസം രാജ്യത്തിന്റെ വികസനത്തെ എങ്ങനെ സഹായിക്കുന്നു. ഫ്ളോ ചാർട്ട് പൂർത്തിയാക്കുക

വിദ്യാഭ്യാസം

a ..........................................

b ......................................................

c ..................................................................

d ............................................................................................

a) വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു

b) സാങ്കേതിക വിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു

c) മെച്ചപ്പെട്ട തൊഴിലും വരുമാനവും

d) ജീവിത നിലവാരം ഉയരുന്നു

5. മാനവ വിഭവ ശേഷി മെച്ചപ്പെടുത്തുന്നത് കൊണ്ട് ഉണ്ടാകുന്ന പ്രയോജനങ്ങൾ ഏതെല്ലാം?

- സാമ്പത്തിക അന്തരം കുറയ്ക്കാം
- പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി ഉപയോഗിക്കാം
- മെച്ചപ്പെട്ട സാങ്കേതിക വിദ്യകളുടെ വികസനവും ഉപയോഗവും സാധ്യമാക്കാം
- സാമൂഹ്യക്ഷേമം ഉറപ്പു വരുത്താം
- സംരംഭകത്വം മെച്ചപ്പെടുത്താം.
- തൊഴിലാളികളുടെ ഉത്പ്പാദന ക്ഷമത വർദ്ധിപ്പിക്കാം


6. മാനവ വിഭവശേഷി വികസനം ലക്ഷ്യമാക്കി വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്ന പരിപാടികൾ എഴുതുക

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| സംയോജിത ശിശുവികസന സേവന പരിപാടി (ICDS) | • 6 വയസ്സുവരെയുള്ള ശിശുക്കളുടെ സമഗ്രവികസനം.<br>• ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യപരിപാലനം. |
| സമഗ്രശിക്ഷാ അഭിയാൻ (SSA) (എസ്.എസ്.എ, ആർ.എം.എസ്.എ പദ്ധതികൾ സംയോജിപ്പിച്ചാണ് സമഗ്രശിക്ഷ അഭിയാന് രൂപം നൽകിയത്) | • സാർവ്വത്രിക വിദ്യാഭ്യാസം ഹയർസെക്കണ്ടറി വരെ ഉറപ്പു വരുത്തുക.<br>• തുല്യതയും ഗുണനിലവാരവും ഉറപ്പു വരുത്തുക.<br>• തൊഴിലധിഷ്ഠിതവിദ്യാഭ്യാസം പരിപോഷിപ്പിക്കുക.<br>• SCERT/DIETതുടങ്ങിയ അധ്യാപകപരിശീലനകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക. |
| രാഷ്ട്രീയ ഉച്ചതൽ ശിക്ഷാ അഭിയാൻ (RUSA) | • ഉന്നതവിദ്യാഭ്യാസ ലഭ്യത വർധിപ്പിക്കുക.<br>• ഉന്നതവിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുക. |
| നാഷണൽ സ്കിൽ ഡവലപ്മെന്റ് ആന്റ് മോണിറ്ററി റിവാർഡ് സ്കീം | • യുവജനങ്ങളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക.<br>• തൊഴിൽവൈദഗ്ധ്യം നേടിയവരുടെ ലഭ്യത ഉറപ്പുവരുത്തുക. |

7. വിദ്യാഭ്യാസം മൗലികാവകാശമാക്കുന്ന നിയമമേത്?, ഇതിന്റെ ലക്ഷ്യമെന്ത്?
   - വിദ്യാഭ്യാസ അവകാശ നിയമം (RTE Act) – 2009
   - എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം എന്ന ലക്ഷ്യം
8. വിദ്യാഭ്യാസ രംഗത്ത് ഇനിയും പരിഹരിക്കേണ്ട പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അവ ഏതെല്ലാം?
   - പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ നിന്നു കൊഴിഞ്ഞുപോകുന്നു
   - അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്
   - വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതുണ്ട്
9. ലോകാരോഗ്യ സംഘടന (WHO) ആരോഗ്യം എന്നതിനെ എങ്ങനെയാണ് നിർവചിക്കുന്നത് ?
   - ശാരീരികമായും മാനസികമായും സാമൂഹികമായും ആയ സുസ്ഥിതിയാണ് ആരോഗ്യം എന്ന് WHO നിർവചിക്കുന്നു.
10. ആരോഗ്യമുള്ള വ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാവുന്നു എന്നു വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
    - തൊഴിൽ ദിനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർദ്ധിക്കുന്നതുകൊണ്ടും ഉൽപ്പാദനം കൂടും
    - പ്രകൃതി വിഭവങ്ങൾ ശരിയായി വിനിയോഗിക്കുന്നു.
    - ചികിത്സാ ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും
    - ഉല്പ്പാദന വർദ്ധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും
11. ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ പട്ടികപ്പെടുത്തുക.

- പോഷകാഹാര ലഭ്യത
- ശുദ്ധജല ലഭ്യത
- രോഗ പ്രതിരോധ സംവിധാനങ്ങൾ
- ശുചിത്വ പരിപാലനം
- ചികിത്സാ സൗകര്യങ്ങൾ
- വിശ്രമവും വിനോദവും ഉറപ്പു വരുത്തുക
- ആരോഗ്യകരമായ പരിസ്ഥിതി

12. ചികിത്സാ രംഗത്ത് വിവിധ തലങ്ങളിലായി പ്രവർത്തിക്കുന്ന വിവിധ സർക്കാർ സ്ഥാപനങ്ങളുണ്ട്. അവയെ അടിസ്ഥാനമാക്കി ഫ്ളോ ചാർട്ട് പൂർത്തിയാക്കുക.




a) ജില്ലാ ആശുപത്രികൾ
b) സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ
c) പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ
d) ആരോഗ്യ ഉപകേന്ദ്രങ്ങൾ


13. ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ (NRHM) ദേശീയ നഗരാരോഗ്യ മിഷൻ (NUHM) എന്നിവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക


- ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ പ്രവർത്തിക്കുന്നു.
- ഇത് ഗ്രാമീണ മേഖലയിൽ പ്രവർത്തിക്കുന്നു.
- 50,000ൽ അധികം ജനസംഖ്യയുള്ള പട്ടണങ്ങളിലെ ചേരി നിവാസികൾക്കും മറ്റു പാർശ്വവൽക്കരിക്കപ്പെട്ടവർക്കും മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ നൽകുന്നു. (NUHM)

14. ലോകത്തിലെ സമ്പന്നതയ്ക്കും ദാരിദ്ര്യത്തിനും പ്രധാന കാരണം മാനവ വിഭവശേഷി വികസനത്തിന്റെ തോതിലുള്ള വ്യത്യാസമാണ് എന്ന പ്രസ്താവനയോടു നിങ്ങൾ യോജിക്കുന്നുണ്ടോ?

- രാജ്യത്തിന്റെ വികസനത്തിന് വിഭവങ്ങൾ ശരിയായി വിനിയോഗിക്കേണ്ടതുണ്ട്
- പ്രകൃതി വിഭവങ്ങൾ പോലെ മനുഷ്യ വിഭവവും പ്രധാനമാണ്
- പ്രകൃതി വിഭവങ്ങളിൽ മനുഷ്യാധ്വാനം കൂടിച്ചേരുമ്പോഴാണ് ഉൽപ്പാദന വർദ്ധനവും അതുവഴി വികസനവും സാധ്യമാകുന്നത്.
- വിദ്യാഭ്യാസ - ആരോഗ്യ രംഗങ്ങളിൽ ആസൂത്രിതമായ ശ്രമങ്ങളിലൂടെ സമ്പന്നത കൈവരിക്കാം. ദാരിദ്ര്യം ഇല്ലാതാക്കാം.

# ഭൂപടങ്ങൾ വായിക്കാം




INDIA
ഹിമാദ്രി
ഹിമാചൽ
സിവാലിക്
കാറക്കോറം
ലഡാക്ക്
സസ്കർ
പത്കായിബും
നാഗാ
മിസോ
ആരവല്ലി
മാൾവാ
പീഠഭൂമി
കച്ച്
വിന്ധ്യ
സത്പുര
ചോട്ടാ
നാഗ്പൂർ
കത്തിയവാർ
ഡക്കാൻ
പീഠഭൂമി
ഗാരോ
ഖാസി
ജയന്തിയ
പശ്ചിമഘട്ടം
പൂർവ്വഘട്ടം

ഡയറ്റ് വയനാട്

# എക്സലൻസ് – 2020 – 21

## പത്താംതരം പഠനപരിപോഷണ പരിപാടി

Break the chain

വയനാട് ജില്ലാ പഞ്ചായത്ത്

ജില്ലാ വിദ്യാഭ്യാസപരിശീലനകേന്ദ്രം,ഡയറ്റ് വയനാട്

Prepared by DIET Wayanad, Printed and Published by Wayanad District Panchayath 2021.
300 copies, Printed at co.op.sby-221325